കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചൊക്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

Email: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.9/1561/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
e-mail doknr.ksad@kerala.gov.in,
Phone:04972707698
തീയ്യതി: 21.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചൊക്ലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ചൊക്ലി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം ( ഏയിംസിൽ)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)
3) കാര്യാലയ പ്രതി.

നം. കെ.എസ്.എ/കെ.എൻ.ആർ./സി./1561/2019 തീയതി : 21.11.2019

# കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16-07-2018 മുതൽ 17-09-2019 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ ശശികുമാർ,എം.പി , ഡെപ്യൂട്ടി ഡയറക്ടർ |
| | |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.19 മുതൽ<br>01-10-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ. ബാബുരാജ് മടപ്രത്ത് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീ. രമേശൻ കാരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി. സുമതി ടി.ഒ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 5 | ശ്രീമതി.നിഖില എ.എം. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.കെ.രാകേഷ് | 1-4-2018 മുതൽ 31-3-2019വരെ |
| സെക്രട്ടറി | ശ്രീ.സൂര്യകാന്ത്.കെ.കെ | 1-4-2018 മുതൽ 15-04-2018വരെ |
| | ശ്രീമതി.പ്രേമലത.കെ(അധിക ചുമതല) | 16.04.2018 മുതൽ 20.04.2018 വരെ<br>1.07.2018 മുതൽ 04.07.2018 വരെ<br>30.07.2018 മുതൽ 12.08.2018 വരെ |
| | ശ്രീ.കെ.ഭാസ്കരൻ | 21.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീ.സന്തോഷ് കുമാർ.കെ. | 05.07.2018 മുതൽ 29.07.2018 വരെ<br>13.08.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ. ജനാർദ്ദനൻ നായർ | 1-4-18 മുതൽ 10-07- |

| | | |
|---|---|---|
| | | 2018വരെ |
| | ശ്രീമതി.ശാലിനിത.കെ | 11.07.2018 മുതൽ 24.01.2019 വരെ |
| | ശ്രീ.വിനോദൻ.കെ | 25.01.2019 മുതൽ 06.03.2019 വരെ |
| | ശ്രീ.ഫെബിൻ പി പോൾ | 07.03.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അശ്വതി വിജയൻ | 1-4-2018മുതൽ 31-3-2019 വരെ |
| വി.ഇ.ഒ. നിടുമ്പ്രം സർക്കിൾ | ശ്രീ.വിബിജീഷ്.എം.കെ. | 1-4-2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ., ഒളവിലം സർക്കിൾ | ശ്രീ.ജസീർ.കെ.പി. | 1-4-2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.റോസ് മേരി ഡികോത്ത | 1-4-18 മുതൽ 26-04.-2018വരെ |
| | ശ്രീമതി ബിന്ദു.പി. | 27.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.അമൃതകല | 1-4-18 മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ആതിര സുരേന്ദ്രൻ | 1-4-2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷീജ | 1.04.2018 മുതൽ 08.09.2018 വരെ |
| | ഡോ.രാജശ്രീ | 09.09.2018 മുതൽ 02.10.2018 വരെ |
| | ഡോ.ഷോണ | 03.10.2018 മുതൽ 31.03.2109 വരെ |
| വെറ്റിനറി സർജൻ | ഡോ. കെ.ചന്ദ്രശേഖരൻ | 1-4-2018 മുതൽ 31-3-2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പ്രേമലത.കെ. | 1-4-2018മുതൽ 31-03-2019വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| | | ഭാഗം – 1<br>ഓഡിറ്റ് റിപ്പോർട്ട് |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | പുതുക്കിയ ചട്ട പ്രകാരമുള്ള ഡി ആൻറ് ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല |
| 13 | 1-13 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിലെ കുറവ് - ഈടാക്കേണ്ടതാണ് |
| 14 | 1-14 | യാത്രാപ്പടി-ദിനബത്ത അധികനിരക്കിൽ അനുവദിച്ചു |
| 15 | 1-15 | ആദായനികുതി ത്രൈമാസറിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് നൽകിയത് അനുവദനീയമല്ല. |
| 16 | 1-16 | പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ്പ്, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ -- ഉപകരണങ്ങൾ ലഭിച്ച വിവരം ലഭ്യമാക്കിയില്ല - ₹96092 തടസ്സപ്പെടുത്തുന്നു |
| 17 | 1-17 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ - പൂർത്തീകരണ പത്രം ,ധനവിനിയോഗ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹ 6,59,573 തടസ്സപ്പെടുത്തുന്നു |
| 18 | 1-18 | ഐ.കെ.എമ്മിന് വിഹിതം നൽകൽ- ധനവിനിയോഗ പത്രം ലഭ്യമാക്കിയില്ല |
| 19 | 1-19 | ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ ഉപകരണങ്ങൾ വാങ്ങൽ |

| | | |
|---|---|---|
| | | - പരസ്യത്തിലെ സ്പെസിഫിക്കേഷന് വിരുദ്ധമായി റേക്ക് വാങ്ങൽ – 1,13,280/- രൂപ തടസ്സപ്പെടുത്തുന്നു. |
| 20 | 1-20 | പഞ്ചായത്തിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ- സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹333053 തടസ്സപ്പെടുത്തുന്നു. |
| 21 | 1-21 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ:- അപാകങ്ങൾ -ചെലവ് തുക ₹25000തടസ്സപ്പെടുത്തുന്നു |
| 22 | 1-22 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - NAC ലഭ്യമാക്കിയില്ല ;₹ 60,000-യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. |
| 23 | 1-23 | കന്നുകുട്ടി പരിപാലന പദ്ധതി - അപാകങ്ങൾ; ₹ 62,500-യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. |
| 24 | 1-24 | ബി.ആർ.സി റോഡ് പുനരുദ്ധാരണം - കരാർ ചമക്കുന്നതിലെ കാലതാമസം പിഴ ഈടാക്കിയില്ല |
| 25 | 1-25 | ആദായ നികുതി ,തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയതിലെ കുറവ്, പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല |
| 26 | 1-26 | നെടുമ്പ്രം കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ -- ഗുണഭോക്തൃ വിഹിതം ഈടാക്കിയ വിവരം ലഭ്യമാക്കുന്നത്. |
| 27 | 1-27 | ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകി പഞ്ചായത്തിന് ₹21513 ചെലവ് നഷ്ടം |
| 28 | 1-28 | റോഡ് ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില ജി.എസ്.ടി . എന്നിവയുടെ ഒടുക്ക് വിവരം ലഭ്യമാക്കിയില്ല |
| 29 | 1-29 | മീത്തലെ വയൽ ഫുട്പാത്ത് മെയിന്റനൻസ് - പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയതിലെ അപാകം - സംബന്ധിച്ച് |
| 30 | 1-30 | ടാർ ലഭിക്കുന്നതിന് മുൻപ് പ്രവൃത്തി പൂർത്തീകരണം - മറുപടി ലഭ്യമാക്കേണ്ടതാണ് |
| 31 | 1-31 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കമ്പ്യൂട്ടർ ലഭ്യമായില്ല. ചെലവ് തുക ₹32,090 തടസ്സപ്പെടുത്തുന്നു |
| 32 | 1-32 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല |
| 33 | 1-33 | പി.എച്ച്.സി ക്ക് കുഴൽകിണർ -നിർമ്മാണം തുടങ്ങിയില്ല- ₹92,000 ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു |

| | | |
|---|---|---|
| 34 | 1-34 | പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. |
| 35 | 1-35 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- മുഴുവൻ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല -10872 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 36 | 1-36 | വനിതാ കാറ്ററിംഗ് പദ്ധതി നടത്തിപ്പിലെ അപാകതകൾ - 1.40,000 രൂപ തടസ്സപ്പെടുത്തുന്നു. |
| 37 | 1-37 | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യം നൽകിയിട്ടില്ല |
| 38 | 1-38 | ന്യൂട്രിമിക്സ് വിതരണം ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 39 | 1-39 | ബഡ്സ് സ്കൂൾ പ്രവർത്തനം |
| 40 | 1-40 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-- അവലോകനം |
| | ഭാഗം-2 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല. |
| | ഭാഗം-3 | ;ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല. |
| | ഭാഗം-4 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 41 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 42 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 43 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 45 | 4-5 | വായ്പ / വായ്പ തിരിച്ചടവ് |
| 46 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 47 | 4-7 | ഓഡിറ്റ് റിക്കവറി |
| 48 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 49 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 50 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 51 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| | | |

| | | |
|---|---|---|
| 52 | അനുബന്ധം-2-1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 53 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 54 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 42/2018 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 18.02.2019തീയതിയിലെ 13/2019 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 08.05.2019 | തിരിച്ചയച്ചിട്ടില്ല | ---- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5081375.99 |
| വരവ് | 78480707.00 |
| ആകെ | 83562082.99 |
| ചെലവ് | 54971482.00 |
| നീക്കിയിരിപ്പ് | 28590600.99 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 13485838 | 13485838 | 13485838 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 1458000 | 1458000 | 794094 | 663906 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 218000 | 218000 | 0 | 218000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6021000 | 6021000 | 4915140 | 1105860 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3166000 | 3166000 | 3051059 | 114941 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 6260000 | 6260000 | 6098793 | 161207 |
| സാക്ഷരത | | 11334.14 | 36595 | 47929.14 | 36236 | 11693.14 |
| ദുരിതാശ്വാസനിധി | | 30883 | 3690 | 34573 | -- | 34573 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 13867819 | 13867819 | 13867819 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2293.35 | 326945 | 329238.35 | 326486 | 2752.35 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 673994 | 648181 | 1322175 | 773071 | 549104 |
| എം.പി.(എൽ.എ.ഡി) | | 10074 | 673259 | 683333 | 672824 | 10509 |
| ടി.എസ്.സി. | | 84000 | 1360000 | 1444000 | 805793 | 638207 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് | ബ്ലോക്ക് | | 2650000 | 2650000 | 2423105 | 226895 |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ അക്കൗണ്ട് | പഞ്ചായത്ത് | | | | | |
| | ജില്ലാ പഞ്ചായത്ത് | 20429 | 1732470 | 1752899 | 918000 | 834899 |
| ബി ഫണ്ട് | | | 181840 | 181840 | 181840 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 10911957 | 10911957 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3349381.50 | 8997624 | 12347005.50 | 5460492 | 6886513.5 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 75965504 | 113 | 38722429 | -- | 39 | 73.82 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 2018 ജനവരി, ഫെബ്രുവരി മാസങ്ങളിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ഗ്രാമസഭകൾ മെയ് മാസത്തിലും നടന്നിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ തൃപ്തികരമായ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. പട്ടികവർഗ മേഖലകളിലെ ഊരുകൂട്ടങ്ങളും മെച്ചപ്പെട്ട പങ്കാളിത്തത്തോടെ നടന്നിട്ടുണ്ട്.

നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ ഏറെക്കുറേ തൃപ്തികരമായ വിധത്തിലാണ്. സ്റ്റിയറിങ്ങ് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ചേരുകയും പ്രവർത്തനങ്ങളുടെ പൊതു വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നുണ്ട്.വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ഈ കാലയളവിൽ യോഗം ചേരുകയും അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തിട്ടുണ്ട്. വിവിധ മേഖലകളെ സംബന്ധിച്ച അവസ്ഥാവിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ യോഗം ചേരലുകളും പ്രവർത്തനങ്ങളിലെ ഇടപെടലുകളും തൃപ്തികരമായ നിലയിൽ നടന്നുവരുന്നതായി കാണുന്നു.

പദ്ധതികളുടെ യഥാവിധിയുള്ള മോണിറ്ററിങ്ങ് പൊതുവിൽ നടന്നു വരുന്നുണ്ട്. എന്നാൽ എല്ലാ പ്രോജക്റ്റുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമായിരുന്നില്ല. എല്ലാ

നിർവ്വഹണോദ്യോഗസ്ഥരും പ്രോജക്ട് രേഖകളുടെ അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

തൻവർഷത്തെ പദ്ധതി ചെലവ് 50.97% മാത്രമാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി പദ്ധതി അടങ്കലിന്റെ 17.65% തുക മാത്രമാണ് ചെലവഴിച്ചത്. ആകെ അംഗീകരിച്ച പ്രോജക്ടുകളിൽ 73.82% പ്രോജക്ടുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ വികസനസാധ്യതകൾ മുഴുവൻ പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന പരിമിതി നിലനിൽക്കുന്നു. ഇത് വരും വർഷത്തിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട ഒരു പോരായ്മയാണ്. നടപ്പാക്കാൻ പ്രായോഗികമായി സാധ്യമാവുന്നതും പ്രദേശത്തിന്റെ ആവശ്യകതകൾക്കിണങ്ങുന്നതും വികസന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താവുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധയുണ്ടാവേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷയും പരിസ്ഥിതിരക്ഷയും ഉറപ്പു വരുത്തുന്ന സമഗ്ര വികസനമെന്ന, സർക്കാർ മുന്നോട്ട് വെച്ച 13ാം പദ്ധതിയുടെ പൊതുകാഴ്ചപ്പാടിനനുസരിച്ച് തന്നെ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. സർക്കാർ നിശ്ചയിച്ച മുൻഗണനാ ക്രമങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കാനുള്ള ശ്രദ്ധ ഉണ്ടായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലെ സമയക്രമം പാലിക്കാൻ കൂടുതൽ ജാഗ്രത ആവശ്യമാണ്

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 2293.35 | 326945 | 329238.35 | 326486 | 2752.35 |
| ഭരണചെലവുകൾ | | 13867819 | 13867819 | 13867819 | |
| | 2293.35 | 14194764 | 14197057.35 | 14194305 | 2752.35 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27840 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 2289400 | 189 |
| വിധവാപെൻഷൻ | 10843400 | 935 |
| വാർദ്ധക്യകാലപെൻഷൻ | 25974900 | 2125 |

| | | |
|---|---|---|
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3797100 | 312 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2055900 | 173 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26088/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ജോലികളുടെ നിർവഹണത്തിലെ പുരോഗതി വിലയിരുത്തുകയും നിശ്ചിത ഇടവേളകളിൽ ജോലി വിഭജനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി വരുന്നതായും കാണുന്നു.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ 2018-19 വർഷത്തിൽ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. റവന്യൂ പിരിവ്, ഫണ്ട് വിനിയോഗം എന്നിവയിലെ പുരോഗതി, സേവന പ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തിയിട്ടുണ്ട്. നികുതി പിരിവിൽ 100% നേട്ടം കൈവരിക്കാനായി. പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായി പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2014 മുതൽ 5.12.2014 വരെ | 2009-10 മുതൽ 2013-14 വരെ | 15.01.2015 |
| പെർഫോമൻസ് ഓഡിറ്റ് | 13.05.2019 | 2019 ഏപ്രിൽ വരെ | 13.05.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)വസ്തു നികുതി കുടിശ്ശിക ഡിമാന്റ് സാംഖ്യയും(ബി.-15 ഷെഡ്യൂൾ 2017-18) സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | സാംഖ്യ (റിപ്പോർട്ട് പ്രകാരം) | സഞ്ചയ പ്രകാരം |
|---|---|---|
| കുടിശ്ശിക ഈടാക്കുവാനുള്ളത് | 2,51,965 | 2,57,225 |

2.വസ്തു നികുതി അഡ്വാൻസ് കളക്ഷനേക്കാൾ കൂടുതലാണ് വസ്തു നികുതി സർവ്വീസ് സെസ്സ് അഡ്വാൻസ് കളക്ഷൻ (B-9 ഷെഡ്യൂൾ)

വസ്തു നികുതി അഡ്വാൻസ് കളക്ഷൻ - 31,117.80

വസ്തു നികുതി സെസ്സ് അഡ്വാൻസ് കളക്ഷൻ -95,096.00

3.ബി-9 ഷെഡ്യൂളിലുള്ള RMF, ROYALTY & ലേല തുക (ഫോറസ്റ്റ് ടാക്സ്) എന്നിവ 2019 മാർച്ച് മാസത്തെ വൌച്ചർ പ്രകാരം ഈടാക്കിയതല്ല, മുൻ വർഷങ്ങളിലെ ബാധ്യതയായി ഇപ്പോഴും തുടരുന്നതാണ്.

4.ബി 18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറിൽ അവശേഷിക്കുന്ന 433514 രൂപ തൻവർഷം (2018-19) അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് നൽകിയതിൽ ക്രമപ്പെടുത്തുവാനുള്ളതാണ്. ബാക്കിയുള്ള 4,13,414/- രൂപ മുൻവർഷത്തെയാണ് . ഇതിൽ 3,60,510 രൂപയുടെ വിശദവിവരം ലഭ്യമല്ല

5.ബി 18 ഷെഡ്യൂളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള ₹ 2,92,750 മുൻകൂറിൽ 2,82,750 മാത്രമേ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്രമപ്പെടുത്തുവാനുള്ളൂ. ബാക്കിയുള്ള 10,000 രൂപ. ഇതിന്റെ വിശദവിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

# 1-12 പുതുക്കിയ ചട്ട പ്രകാരമുള്ള ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31/10/2017 ലെ 80/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള ഡി ആന്റ് ഒ ലൈസൻസ് ഫീ 2018-19 സാമ്പത്തിക വർഷം ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഈടാക്കിയിട്ടില്ല. ഭരണ സമിതിയുടെ 18.02.2019 ലെ 19/19 നമ്പർ തീരുമാന പ്രകാരമാണ് ലൈസൻസ് ഫീ പുതുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യത്തിന് നിരക്കുന്നതല്ല. കാലതാമസമുണ്ടായതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

# 1-13 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിലെ കുറവ്

## - ഈടാക്കേണ്ടതാണ്

ചൊക്ലി ഗ്രാമ പഞ്ചായത്തിലെ 16/723 നമ്പർ കെട്ടിടത്തിലേക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് റോഡ് കട്ട് ചെയ്യുന്നതിന് അനുമതിക്കായി 25-10-2018 ൽ ശ്രീ.കുറുങ്ങോടൻ വീട്ടിൽ മുസ്തഫ, കണ്ടോത്ത് ഷെറീഫ എന്നിവർ സംയുക്തമായി അപേക്ഷ നൽകുകയുണ്ടായി. പ്രസ്തുത അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടവാക്കുന്ന മുറയ്ക്ക് അനുവാദം നൽകുന്നതിനായി 31-12-2018 ലെ 223/18(1) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 02-02-2019 ലെ എ3-5855/18 കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ താഴെപറയും പ്രകാരമുള്ള എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്.

Bituminous surface : 3 x 0.30 x 1.5 @ 4680.65/m2 = ₹ 6318.87

Earthern Berm : 2 x 0.30 x 1.5 @ 329.87/m2 = ₹ 296.88

Total = ₹ 6615.75

പ്രസ്തുത തുക 02-02-2019 ലെ 118020108997 പ്രകാരം ₹6616 ഒടുക്കിയതിന്റെ അടിസ്ഥാനത്തിൻ 02-02-2019 ലെ കത്ത് പ്രകാരം റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ചീഫ് എഞ്ചിനീയർ, റോഡ്സ് & അഡ്മിനിസ്ട്രേഷന്റെ 22-05-2018 ലെ CE/R & B/GL-RC/1/2018 നമ്പർ സർക്കുലർ പ്രകാരം ടാർ ചെയ്ത ഭാഗം പുനസ്ഥാപിക്കുന്നതിന് കുറഞ്ഞത് ഒരു മീറ്റർ വീതി കണക്കാക്കേണ്ടതാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം 45cm മാത്രമേ വീതി കണക്കാക്കിയിട്ടുള്ളൂ. സർക്കുലർ പ്രകാരം ഈടാക്കേണ്ട റെസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

Bituminous surface : 3 x 1 @ 4680.65/m2 = ₹ 14041.95

Earthern Berm : 2 x 1 @ 329.87/m2 = ₹ 659.74

Total = ₹ 14701.69

സർക്കുലറിലെ നിർദ്ദേശ പ്രകാരം തുക ഈടാക്കാത്തതിനാൽ ₹8086 ( 14702- 6616 ) ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം വന്നിട്ടുണ്ട്. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 യാത്രാപ്പടി-ദിനബത്ത അധികനിരക്കിൽ അനുവദിച്ചു

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ.കെ.സൂര്യകാന്ത് 2018 മാർച്ച് വരെ 49200/- രൂപ നിരക്കിലാണ് ശമ്പളം കൈപ്പറ്റിവന്നിരുന്നത്. യാത്രാബത്തക്കായുള്ള ഉദ്യോഗസ്ഥരുടെ ക്ലാസിഫിക്കേഷൻ പ്രകാരം ഗ്രേഡ് II (a) വിഭാഗത്തിൽപ്പെടുന്ന (42500 രൂപയോ അതിലധികമോ, 50400 രൂപയിൽ താഴെയോ ശമ്പളം വാങ്ങുന്നവർ) ഈ ഉദ്യോഗസ്ഥന് അനുവദനീയമായ

ദിനബത്തയുടെ നിരക്ക് 320 രൂപയാണ്.(ജി.ഒ(പി) നം.7/2016/fin തീയതി.20.01.2016.) എന്നാൽ ഇദ്ദേഹം 400 രൂപ നിരക്കിലാണ് നിരക്കിലാണ് ദിനബത്ത കൈപ്പറ്റിയിട്ടുള്ളത്.(വൗച്ചർ നം.21800291 തീയതി:1.08.2018) അർഹമായതും കൈപ്പറ്റിയതുമായ യാത്രാബത്ത താഴെ പറയും പ്രകാരമാണ്.

| മാസം | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം കൈപ്പറ്റിയ തുക |
|---|---|---|---|
| ഡിസമ്പർ 2017 | 1400 | 1120 | 280 |
| ജനവരി 2018 | 1600 | 1280 | 320 |
| ഫെബ്രുവരി 2018 | 1200 | 960 | 240 |
| ആകെ | 4200 | 3360 | 840 |

അർഹമായതിലും അധിക നിരക്കിൽ ദിനബത്ത അനുവദിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക നിരക്കിൽ അനുവദിച്ച ആനുകൂല്യം 840 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-15 ആദായനികുതി ത്രൈമാസറിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ് നൽകിയത് അനുവദനീയമല്ല.

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം .ആദായ നികുതി ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി പുറത്തുള്ള ഏജൻസികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നം. 21800202 തീയതി 28.06.2018

വൗച്ചർ നം. 21800212 തീയതി 29.06.2018

വൗച്ചർ നം. 21800307 തീയതി 2.08.2019

വൗച്ചർ നം. 21800337 തീയതി 13.08.2018

വൗച്ചർ നം. 21800934 തീയതി 21.08.2109

ആദായ നികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുക എന്നത് ഡ്രോയിങ്ങ് & ഡിസ്ബേഴ്സിങ്ങ് ഓഫീസറുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണ്. സ്വകാര്യമായ ഉപയോഗത്തിനായി വകുപ്പ് അനുവദിക്കുന്ന യൂസർ ഐ.ഡി.യും പാസ് വേഡും ഉപയോഗിച്ച് കൊണ്ട് സൈറ്റിൽ

വിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ട ഉത്തരവാദിത്തം പുറം ഏജൻസികളെ ഏൽപ്പിക്കുന്നത് നിയമപരമല്ല. ഡി.ഡി.ഒ.മാർക്ക് ഇക്കാര്യത്തിൽ ട്രഷറി വകുപ്പ് ആവശ്യമായ പരിശീലനം നൽകി വരുന്നുമുണ്ട്. സ്ഥാപനത്തിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ച് ഇക്കാര്യം നിർവ്വഹിക്കേണ്ടതുമാണ്. ആദായ നികുതി വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള അപ് ലോഡിങ്ങ് ഫീ (റിട്ടേൺ ഒന്നിന് 50/- രൂപ നിരക്കിൽ) മാത്രമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ വ്യവസ്ഥയുള്ളൂ. ഉദ്യോഗസ്ഥൻ സ്വയം നിർവഹിക്കേണ്ട കാര്യങ്ങൾ പ്രതിഫലം നൽകി പ്രൊഫഷണൽ ഏജൻസികളെ ഏൽപിക്കുന്നത് നിയമപ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപെടുത്തുന്നു.

# 1-16 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ്പ്, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ -- ഉപകരണങ്ങൾ ലഭിച്ച വിവരം ലഭ്യമാക്കിയില്ല - ₹96092 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 118/18-19 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ്പ്, കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ : ₹100000 തനത് ഫണ്ട്

ചെലവ് : ₹96092 വൗച്ചർ നം .21800471 dtd 28-09-2018

മേൽ പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ് ടോപ്പും രണ്ട് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കുമായി ₹96092 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പെർഫോർമ ഇൻവോയ്സ് പ്രകാരം തുക കൈപ്പറ്റി 45 ദിവസത്തിനുള്ളിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 28-09-2018 ന് തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും 16-10-2018 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട് എന്നാൽ പെർഫോർമ ഇൻവോയ്സിൽ പറഞ്ഞ സമയപരിധിക്കകം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിലും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല എന്നാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചെലവ് തുക ₹96092 തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും കാലതാമസം സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു. കമ്പ്യൂട്ടറിൽ ലഭിച്ച വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-17 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ - പൂർത്തീകരണ

## പത്രം ,ധനവിനിയോഗ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹ 6,59,573 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : 119/19 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | :₹313775- വികസന ഫണ്ട് |
| | :₹344007- -ധനകാര്യ കമ്മീഷൻ അവാർഡ് |
| | :₹1878 തനത് ഫണ്ട് |
| ആകെ | :₹ 659660 |
| ചെലവ് | : ₹313775 – ബിൽ നം. 22/18-19 dtd 21-12-2018 |
| | : ₹344007 - ബിൽ നം. 19/18-19 dtd 29-11-2018 |
| | : ₹1791 - വൗച്ചർ നം. 21800902 dtd07-02-2019 |
| ആകെ | :₹659573 |

മേൽ പ്രവൃത്തിക്ക് 24-10-2018 ലെ DB/AS-3/17-18/Chokli നമ്പർ ഉത്തരവ് പ്രകാരം 6576 m ലൈൻ വലിക്കുന്നതിന് ₹ 6,59,573 ന്റെ എസ്റ്റിമേറ്റ് പാനൂർ ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മേൽ ബിൽ/ വൗച്ചർ പ്രകാരം ₹ 6,59,573 കെ.എസ്.ഇ.ബിയുടെ എസ്.ബി.ഐയിലുള്ള അക്കൗണ്ട് നമ്പർ 67281311439 ൽ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി പാനൂർ ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറും ചൊക്ലി ഗ്രാമപഞ്ചായത്തും തമ്മിലുണ്ടാക്കിയ നമ്പറും തീയതിയുമില്ലാത്ത കരാർ പ്രകാരം പ്രവൃത്തി 31-03-2019 ൽ പൂർത്തിയാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ പത്രം ,ധനവിനിയോഗ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക₹ 6,59,573 തടസ്സപ്പെടുത്തുന്നു.

## 1-18 ഐ.കെ.എമ്മിന് വിഹിതം നൽകൽ- ധനവിനിയോഗ പത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : 07/19 - ഐ.കെ.എമ്മിന് വിഹിതം നൽകൽ |
| അടങ്കൽ | :₹53335 - വികസന ഫണ്ട് |
| ചെലവ് | :₹53335- - ബിൽ നം .04/18-19 dtd 29-06-2018 |

മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എമ്മിന് പഞ്ചായത്ത് വിഹിതമിനത്തിൽ ₹53335നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ പത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-19 ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ ഉപകരണങ്ങൾ വാങ്ങൽ - പരസ്യത്തിലെ സ്പെസിഫിക്കേഷന് വിരുദ്ധമായി റേക്ക് വാങ്ങൽ - 1,13,280/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 07/19 - ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : ₹225000 - തനത് ഫണ്ട്

ചെലവ് : ₹113280 -വൗച്ചർ നം. 2180427 dtd 27-03-2019

ഗ്രാമപഞ്ചായത്തിലേക്ക് എയർകണ്ടീഷണർ- 1, ജനറേറ്റർ- 1, റേക്ക് -20 എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവന ചെയ്തിരിക്കുന്നത്. എന്നാൽ A /35626/2017 dtd 31-12-2018പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ടെണ്ടർ പ്രകാരം ₹125000 അടങ്കലാണ് റേക്ക് വാങ്ങുന്നതിന് കാണിച്ചിരിക്കുന്നത്. എന്നാൽ റേക്കിന്റെ സ്പെസിഫിക്കേഷൻ വേണ്ട എണ്ണം എന്നിവ കാണിച്ചിട്ടില്ല. പ്രസ്തുത ടെണ്ടർ സ്വീകരിക്കേണ്ട അവസാന തീയതി പണിമുടക്കായതിനാൽ ടെണ്ടർ തീയതി 16-01-2019 ലേക്ക് മാറ്റി വെബ്സൈറ്റിൽ ടെണ്ടർ പരസ്യം പുതുക്കി നൽകുകയുണ്ടായി . ഇതുപ്രകാരം റേക്കിന്റെ സ്പെസിഫിക്കേഷൻ [ 120(L)x90(B)x200(H) Steel Shelf , 5 Shelves steel with door ] നൽകുകയുണ്ടായി . പ്രസ്തുത സ്പെസിഫിക്കേഷനിലാണ് ടെണ്ടറിൽ പങ്കെടുത്ത അഞ്ച് സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. കുറഞ്ഞ തുക ക്വോട്ട ചെയ്ത റാണി മെറ്റൽസ് എന്ന സ്ഥാപനത്തിന് വിതരണം ചെയ്യാൻ സാധിക്കില്ല എന്നറിയിച്ചതിനാൽ രണ്ടാമതായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത പ്രവീൺ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി 17-01-2019 ന് 3/19(4) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. എന്നാൽ ഇത് അംഗീകരിക്കുന്നതിനായി പ്രൊക്വയർമെന്റ് കമ്മിറ്റി ശുപാർശ ചെയ്യുന്നതിരിക്കുന്നത് 15-02-2019 ചേർന്ന യോഗത്തിലാണ്.

ടെണ്ടർ പ്രകാരം 120(L)x90(B)x200(H) Steel Shelf , 5 Shelves steel with door എന്ന സ്പെസിഫിക്കേഷനാണ് പ്രവീൺ എന്റർപ്രൈസസ് ക്വാട്ട് ചെയ്തത് എന്നാൽ 18-03-2019 ലെ സപ്ലൈ ബിൽ നമ്പർ 5 പ്രകാരം height 200cm, width 120cm, depth 45 cm, 20 guage 5shelves ആണ് വിതരണം ചെയ്തിട്ടുള്ളത്. ടെണ്ടർ ക്വാട്ട് ചെയ്തതിലും കുറഞ്ഞ അളവിലുള്ള സാധനങ്ങൾക്ക് ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക നൽകിയത് പ്രകാരം അധിക തുക നൽകാനിടയായിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/2018-19 തീയതി 29-09-2019) 120(L)x45(B)x200(H) Steel Shelf , 5 Shelves steel with door എന്ന സ്പെസിഫിക്കേഷനാണ്

ഉദ്ദേശിച്ചത് എന്നും പരസ്യത്തിൽ 90 cm depth എന്ന് തെറ്റായി നൽകി പോയതാണെന്നും ഗുണനിലവാരം പരിശോധിച്ച് വാങ്ങുന്നതിനാണ് 17-01-2019 ന് 3/19(4) നമ്പർ പ്രകാരം ഭരണസമിതി തീരുമാനിച്ചത് എന്നുമാണ്. എന്നാൽ സ്ഥാപനങ്ങൾ വില ക്വോട്ട് ചെയ്തിരിക്കുന്നത് 90 cm depth ഉള്ളവയ്ക്കാണ്. വിശദവിവരം ചുവടെ

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക |
|---|---|
| റാണി മെറ്റൽസ് | 4850 |
| റോയൽ ഏജൻസി | 52442 |
| ഫിഡ്കോ | 48442 |
| ആഷിം ഡിസൈനേഴ്സ് & ഇന്റീരിയേഴ്സ് | 18900, 21900 |
| പ്രവീൺ എന്റർപ്രൈസസ് | 18880 |

ഇതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് വിതരണം ചെയ്യാൻ സാധിക്കില്ല എന്നറിയിച്ചതിനാൽ അടുത്ത സ്ഥാപനമായ പ്രവീൺ എന്റർപ്രൈസസ് നൽകാൻ 17-01-2019 ന് 3/19(4) നമ്പർ പ്രകാരം ഭരണസമിതി തീരുമാനിക്കുകയായിരുന്നു. ആയതിനാൽ ലഭ്യമാക്കിയ ഷെൽഫിന്റെ വില യഥാർത്ഥത്തിലുള്ളതാണോ എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് പരിശോധിപ്പിച്ച് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. ആയതിനാൽ ചെലവ് തുക ₹113280 തടസ്സപ്പെടുത്തുന്നു.

# 1-20 പഞ്ചായത്തിലേക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ- സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹333053 തടസ്സപ്പെടുത്തുന്നു.

കണ്ണൂർ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് സെക്ഷൻ , അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് തയ്യാറാക്കി താഴെ പറയും പ്രകാരം വിവിധ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1. പ്രോജക്റ്റ് നമ്പർ : 103/19 -യു.പി. എസ് വാങ്ങൽ

അടങ്കൽ :₹2,00,000 - തനത് ഫണ്ട്

ചെലവ് :₹1,48,000 - വൗച്ചർ നം .21800996 dtd 05-03-2019

മേൽ പ്രോജക്ട് പ്രാകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Zenon Power Solution എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം ZPS/B/271 dtd 15-02-2019 പ്രകാരം 5KVA /120 V Online UPS-UTL, 100AH Exide 6EL Tubular Battery with stand എന്നിവ വാങ്ങിയിട്ടുണ്ട്.

2. പ്രോജക്ട് നമ്പർ : 08/19 -ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ :₹2,00,000 - തനത് ഫണ്ട്

ചെലവ് :₹168000- വൗച്ചർ നം 21801124 dtd 27-03-2019

:₹17053 – വൗച്ചർ നം 21800654 dtd 27-11-2018

മേൽ പ്രൊജക്ട് പ്രകാരം എയർ കണ്ടീഷണർ, ജനറേറ്ററർ ,ഇ ടോക്കൺ സിസ്റ്റം, സി.സി.ടി.വി ക്യാമറ, ടച്ച് സ്ക്രീൻ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ EGAPOW IT solution എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം Net Working നടത്തുന്നതിനായി ഇൻവോയ്സ് നം EGC-150 dtd 25-10-2018 പ്രകാരം ₹17053 ന്റെ സാധനങ്ങൾ ലഭ്യമാക്കിയതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിച്ചതിന്റെ വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ Suncrop India Pvt.Ltd. എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം ടോക്കൺ സിസ്റ്റം, ടച്ച് സ്ക്രീൻ കിയോസ്ക്ക് എന്നിവ ഇൻവോയ്സ് നം SC-S/0083dtd10-04-2019 പ്രകാരം ലഭ്യമാക്കി സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ ബിൽ തുക നൽകുന്നതിന് മുമ്പ് എസ്റ്റിമേറ്റിൽ പറഞ്ഞ ഉപകരണങ്ങൾ തന്നെയാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന സാക്ഷ്യപത്രം ലഭ്യമാക്കുകയോ ലഭ്യമാക്കിയ ഉപകരണങ്ങൾ നിശ്ചിത സ്പെസിഫിക്കനിലുള്ളവയാണ് എന്ന് ഇലക്ട്രോണിക്സ് വിഭാഗം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹333053 (₹148000+₹185053) തടസ്സപ്പെടുത്തുന്നു. മേൽ നിർദ്ദേശിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-21 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ; അപാകങ്ങൾ -ചെലവ് തുക ₹25000തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 06/18-19 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ

അടങ്കൽ :₹247500 വികസന ഫണ്ട്

: ₹152500 തനത് ഫണ്ട്

ആകെ :₹ 400000

ചെലവ് വികസന ഫണ്ട് : 1) ₹63130 ബിൽ നം .06/18-19 dtd 29-06-2018

2) ₹70290 ബിൽ നം.10/18-19 dtd 31-08-2018

3) ₹71382 ബിൽ നം. 20/18-19 dtd29-11-2018

4) ₹1362 ബിൽ നം. 30/18-19 dtd 18-03-2019

ആകെ : ₹206164

ചെലവ് തനത് ഫണ്ട് :1) ₹119442 വൗച്ചർ നം. 21801035 dtd 13-03-2019

2)₹1085 വൗച്ചർ നം. 21801037 dtd 13-03-2019

3) ₹7600 വൗച്ചർ നം. 21800740 dtd 02-12-2018

4) ₹23900 വൗച്ചർ നം. 21801129 dtd27-03-2019

ആകെ : ₹152027

സ.ഉ.(കൈ).11/2018/തസ്വഭവ, തീയതി 29-01-2018 പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 8 ൽ പദ്ധതി ആസൂത്രണ ,നിർവഹണ,മോണിറ്ററിംഗ് ചെലവുകൾ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക8.5 പ്രകാരം ആസൂത്രണ-മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്ക് ഒരു പ്രോജക്ടാണ് തയ്യാറാക്കുന്നതെങ്കിലും ആഡിറ്റ് ആവശ്യങ്ങൾക്കായി വൗച്ചറുകൾ നൽകുമ്പോൾ രണ്ട് പ്രവർത്തനങ്ങളുടെയും കണക്കുകൾ പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വൗച്ചറുകൾ എല്ലാം ഒരുമിച്ചാണ് സൂക്ഷിച്ചിരിക്കുന്നത്. ആയതിനാൽ ഓരോ ഇനത്തിലുമുള്ള ചെലവ് വ്യക്തമല്ല. കൂടാതെ പദ്ധതി ചെലവുകളിൽ താഴെപറയുന്ന അപാകങ്ങളുമുണ്ട്.

<u>റിസോഴ്സ് പേഴ്സന് ഹോണറേറിയം നൽകൽ :-</u>

സ.ഉ.(കൈ).11/2018/തസ്വഭവ, തീയതി 29-01-2018 പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 3.1.1.(എ) (5) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പ്ലാൻ കോഓർഡിനേറ്ററുടെ ചുമതലയും ആസൂത്രണവുമായി ബന്ധപ്പെട്ട ഓഫീസ് ചുമതലകൾ നിർവഹിക്കാൻ മറ്റൊരു ഉദ്യോഗസ്ഥനെ /ഉദ്യോഗസ്ഥയെ അസിസ്റ്റന്റ് പ്ലാൻ കോഓർഡിനേറ്ററായും നിയോഗിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. മോഹനൻ പി.കെ എന്നവർക്ക് പ്ലാൻ കോഓർഡിനേറ്റർ എന്ന നിലയിൽ വൗച്ചർ നം. 21801035 dtd 13-03-2019 പ്രകാരം ₹25000 ഹോണറേറിയം ഇനത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ശ്രീ

.മോഹനൻ പി.കെ എന്നവരുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ട് നമ്പർ 31268724542 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായി കാണുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .2/2018-19 തീയതി 30-09-2019) നൽകിയ മറുപടിയിൽ സ.ഉ (കൈ) നം.11/2018തീയതി 29-01-2018 ലെ ഖണ്ഡിക 3.1.3 പ്രകാരം പരിചയസമ്പന്നമായ ഒരു സന്നദ്ധ പ്രവർത്തകന്റെ സേവനം ഉപയോഗിക്കാമെന്ന് പറഞ്ഞിട്ടുണ്ട് എന്നും പ്ലാൻ കോഡിനേറ്റർ എന്ന് തെറ്റായി ചേർത്ത് പോയതാണെന്നും 02/02/2018 ലെ ആസൂത്രണ സമിതി ഇദ്ദേഹത്തെ സന്നദ്ധ പ്രവർത്തകനായി നിയമിക്കാൻ ശുപാർശ ചെയ്തിരുന്നെന്നും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നതിന് വിട്ടു പോയതാണെന്നുമാണ് അറിയിച്ചത് .

എന്നാൽ ഇദ്ദേഹത്തെ ആസൂത്രണ സമിതി ഉപാധ്യക്ഷനയാണ് നിയമിച്ചിട്ടുള്ളത്. ആയതിനാലും ഉത്തരവിലെ ഖണ്ഡിക 3.1.3 പ്രകാരമുള്ള നിയമനമല്ലാത്തതിനാലും ഈ ഇനത്തിലെ ചെലവ് ₹25000 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-22 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - എൻ.എ.സി. ലഭ്യമാക്കിയില്ല ;₹ 60,000-യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ : 163/19

പ്രോജക്ടിന്റെ പേര് : മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : ₹60,000 MG(NR)

ചെലവ് : ₹ 60,000

ബിൽ നമ്പർ : 4/18-19/12-02-2019

സ.ഉ(കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ / 14-02-2018 ഖണ്ഡിക 12 പ്രകാരം വെറ്റിനറി ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി റോഡിതരസംരക്ഷണഗ്രാന്റിൽ നിന്നും തുക പിൻവലിച്ച് മരുന്നുകൾ വാങ്ങാവുന്നതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങിയിരിക്കുന്നത് എൻ.എ.സി. ലഭ്യമാക്കാതെയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 31 തീയ്യതി : 30-09-2019 ക്ക് എൻ.എ.സി. ഉടൻ ലഭ്യമാക്കുന്നതാണെന്നാണ്

മറുപടി ലഭ്യമാക്കിയത്. എൻ.എ.സി. ലഭ്യമാക്കാത്തതിനാൽ ₹ 60,000ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 കന്നുകുട്ടി പരിപാലന പദ്ധതി - അപാകങ്ങൾ; ₹ ₹ 62,500-യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ : 54/18

പ്രോജക്ടിന്റെ പേര് : കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹62,500 വികസനഫണ്ട്

: ₹62,500 സംസ്ഥാനാവിഷ്കൃതം

: ₹1,25,000 ഗുണഭോക്തൃവിഹിതം

ആകെ : ₹ 2,50,000

ചെലവ് : ₹ 62,500 വികസനഫണ്ട്

ബിൽ നമ്പർ : 2/18-19/17-12-2018

കന്നുകുട്ടി പരിപാലന പദ്ധതി എന്ന മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 10 ഗുണഭോക്താക്കൾക്ക് 50 ശതമാനം നിരക്കിൽ കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിബന്ധന പ്രകാരം മാസംപ്രതി തീറ്റ ലഭ്യമാക്കുന്നു. ഇതിനായി വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 2/18-19/17-12-2018 പ്രകാരം ₹62,500 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 62,500ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു. കൈപ്പറ്റ് രശീതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-24 ബി.ആർ.സി റോഡ് പുനരുദ്ധാരണം - കരാർ ചമക്കുന്നതിലെ കാലതാമസം പിഴ ഈടാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ : 124/19- ബി.ആർ.സി റോഡ് പുനരുദ്ധാരണം

അടങ്കൽ : ₹267902 മെയിനന്റനൻസ് റോഡ്

:₹2000 തനത് ഫണ്ട്

ആകെ : ₹269902

ചെലവ് : ₹247408 ബിൽ നം . 01/18-19 തീ. 23-05-2018

കരാർ തുക : ₹269902

കരാറുകാരൻ : ശ്രീ. കെ.പി.ദിനേശൻ

സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി : 20-11-2017

കരാർ നം/തീയതി : AEC/23/2017-18 തീ. 29-12-2017

ജി.ഒ (പി)നം .13/2012/പി.ഡബ്ല്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. പതിനാല് ദിവസത്തിനകം കരാർ ചമച്ചില്ലെങ്കിൽ അടുത്ത 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1% പിഴയൊടുക്കി കരാർ വെക്കാവുന്നതാണ്. എന്നാൽ 20-11-2017-ന് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും 29-12-2017-ന് മാത്രമേ കരാർ വെച്ചിട്ടുള്ളൂ. എന്നാൽ അന്തിമ ബില്ലിൽ കരാർ വെക്കുന്നതിലെ കാലതാമസത്തിന് പിഴയീടാക്കിയിട്ടില്ല. ആയതിനാൽ കരാർ തുകയുടെ ഒരു ശതമാനമായ ₹2699 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-25 ആദായ നികുതി ,തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയതിലെ കുറവ്, പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

(എ)പ്രോജക്ട് നമ്പർ : 123/18-19 പി.എച്ച്.സി പുതിയ ബ്ലോക്ക് സൗകര്യം വർദ്ധിപ്പിക്കൽ

അടങ്കൽ : ₹ 823000

ചെലവ് :₹463214 ബിൽ നം . 03/18-19 dtd 23-05-2018

:₹81406 ബിൽ നം. 16/18-19 dtd 05-12-2018

കരാർ തുക : ₹ 727994.26

കരാറുകാരൻ : ശ്രീ. വിജയൻ.എ

കരാർ നം/തീയതി : AEC/09/2017-18 dtd 29-11-2017

എം . ബുക്ക് : 28/17-18, 33/17-18

സ്ഥലം കൈമാറിയ തീയ്യതി : 29.11.2017

പ്രവൃത്തി പൂർത്തീകരണ തീയതി : 29-03-2018 (കരാർ പ്രകാരം )

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 14-09-2018

കാലതാമസം : 5 മാസം 16 ദിവസവും

(i).ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും

പ്രസ്തുത പ്രവൃത്തിയുടെ CC Ist & Part bill ബിൽ നം . 03/18-19 തീ. 23-05-2018 പ്രകാരം നൽകുകയുണ്ടായി . തുക നൽകുമ്പോൾ റിട്ടൻഷനായി പ്രവൃത്തി മൂല്യത്തിന്റെ 10% ആയ ₹51468 പിടിച്ച് വെക്കുകയും റിട്ടൻഷൻ തുക കുറച്ചുള്ള തുകയുടെ ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും മാത്രം ഈടാക്കുകയുമാണുണ്ടായത്. CC II nd & Final Bill നൽകുമ്പോൾ ബാക്കിയുള്ള പ്രവൃത്തി മൂല്യത്തിന് മാത്രമാണ് നികുതിയും ക്ഷേമനിധി വിഹിതവും ഈടാക്കിയിട്ടുള്ളത്. ഇതിന്റെ ഫലമായി ആകെ പ്രവൃത്തി മൂല്യത്തിന് ആദായ നികുതിയും, തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | CC Ist & Part bill | CC II nd & Final Bill | നൽകേണ്ടിയിരുന്നത് |
|---|---|---|---|
| ആകെ പ്രവർത്തി മൂല്യം | 514682 | 29938 | 544620 |
| റിട്ടൻഷൻ | (-) 51468 | (+) 51468 | - |
| ആകെ | 463214 | 81406 | 544620 |
| ആദായ നികുതി | (-) 4632 | (-) 300 | 5446 |
| തൊഴിലാളി ക്ഷേമനിധി വിഹിതം | (-) 4632 | (-) 300 | 5446 |
| ചരക്ക് സേവന നികുതി 2% | - | 10892 | 10892 |
| കരാറുകാരന് | 453950 | 69914 | 522836 |

CC Ist & Part bill നിന്ന് ആകെ പ്രവൃത്തി മൂല്യത്തിന് ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കാത്തതിനാൽ ഓരോ ഇനത്തിലും ₹514 വീതം കുറവ് വന്നിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

(ii).പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

കരാർ പ്രകാരം 29-03-2018 ന് പൂർത്തിയാകേണ്ട പ്രവൃത്തി 14-09-2018 ന് മാത്രമേ പൂർത്തിയായിട്ടുള്ളൂ. എന്നാൽ ഈ ഇനത്തിൽ അന്തിമ ബില്ലിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ 10-04-2018 ന് പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാത്തതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. കത്തിൽ പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാനും സമയപരിധി നീട്ടികിട്ടാനുള്ള അപേക്ഷയും സപ്ലിമെന്ററി എഗ്രിമെന്റ് ഉടനെ തന്നെ ലഭ്യമാക്കാനും നടപടി കൈക്കൊള്ളാനും അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ AEC/14/2018-19/LSGD/ തീ. 03-08-2018 നമ്പർ കത്ത് പ്രകാരം പ്രവൃത്തിയുടെ കാലാവധി തീരുന്നതിനു മുമ്പ് സമയപരിധി നീട്ടികിട്ടുന്നതിനുള്ള അപേക്ഷ ലഭ്യമാക്കിയിട്ടില്ല എന്നും പ്രവൃത്തിയുടെ പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട് എന്നും ബാക്കി പ്രവൃത്തികൾ നടക്കാനുള്ളതിനാൽ സമയപരിധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിച്ചിട്ടുണ്ട്. കരാറുകാരൻ നൽകിയ തീയ്യതിയില്ലാത്ത ഒരപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് 21-08-2018 ലെ 150/18(2) പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയപരിധി കരാർ പ്രകാരമുള്ള കാലാവധി തീരുന്നത് മുതൽ 6 മാസത്തേക്ക് കൂടി നീട്ടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ (പി)നം .13/2012/പി.ഡബ്ല്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥ പ്രകാരം പൂർത്തീകരണ കാലാവധിയുടെ 50% മാത്രമേ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാൻ പാടുള്ളൂ. ഇതിന് വിരുദ്ധമാണ് ഭരണസമിതി തീരുമാനം. കൂടാതെ 17-08-2018 ലെ കത്ത് പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനും അപേക്ഷിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് 21-08-2018 ലെ 150/18(3) പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ കരാർ പ്രകാരമുള്ള അളവിലാണ് പ്രവൃത്തിയുടെ ബിൽ നൽകിയിട്ടുള്ളത്. കൂടാതെ കരാർ പ്രകാരമുള്ള പ്രവൃത്തികളിലെ ഇനങ്ങളായ 5,6,11,18,22 എന്നിവ ഏറ്റെടുത്ത് നടത്തിയിട്ടുമില്ല. ആയതിനാൽ കരാറുകാരൻ കൃത്യ സമയത്ത് അപേക്ഷ നൽകാതെ സമയപരിധി നീട്ടിനൽകിയതിനാലും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള കാരണങ്ങൾ കൊണ്ടല്ലാതെ പ്രവൃത്തി സമയപരിധിക്കകം പൂർത്തിയാകാത്തതിനാലും ഭരണ സമിതി പിഴ ഈടാക്കേണ്ട എന്ന് നിർദ്ദേശിക്കാത്തതിനാലും നിയമാനുസൃത പിഴ ഈടാക്കേണ്ടതായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള ( നം.07/2018-19 തീയതി 23-09-2019) മറുപടിയിൽ പി.എച്ച്.സി അധികൃതരുടെ ആവശ്യമനുസരിച്ച് എസ്ററിമേറ്റ് റിവൈസ് ചെയ്യേണ്ടതിനാലാണ് കാലതാമസം ഉണ്ടായത് എന്ന മറുപടി ഖണ്ഡികയിൽ ചൂണ്ടികാണിച്ച അപാകങ്ങൾ കാരണം അംഗികരിക്കുന്നില്ല.

ആയതിനാൽ പ്രവൃത്തി പൂർത്തീകരണ സമയത്തിന്റെ ആദ്യത്തെ 25 ശതമാനം കാലാവധി ദീർഘിപ്പിക്കുന്നതിന് 1 ശതമാനവും അടുത്ത 25 ശതമാനം കാലാവധി ദീർഘിപ്പിക്കുന്നതിന് 2 ശതമാനം കൂടി ആകെ 3 ശതമാനം പിഴ ഈടാക്കേണ്ടതാണ്. അതായത് കരാർ തുകയുടെ മൂന്ന്

ശതമാനമായ ₹21840 (727994.26 x 3/100) പിഴ ഇനത്തിൽ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

(ബി) പ്രോജക്ട് നമ്പർ : 143/18-19 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ കെട്ടിട നിർമ്മാണം

അടങ്കൽ : ₹ 1200000 ധനകാര്യ കമ്മീഷൻ അവാർഡ്

:₹ 600000 കേന്ദ്രാവിഷ്കൃതം

ആകെ :₹ 1800000

ചെലവ് :₹562201 ബിൽ നം . 13/18-19 തീ. 31-08-2018

:₹637799 ബിൽ നം. 36/18-19 തീ. 29-03-2019

: ₹462936 ചെക്ക് നം. 8425772 തീ. -02-2019

കരാർ തുക : ₹ 1663220.43

കരാറുകാരൻ : ശ്രീ.സത്യാനന്ദൻ .കെ.കെ

കരാർ നം/തീയതി : AEC/09/2017-18 തീ. 29-11-2017

എം . ബുക്ക് : 24/17-18, 24A /17-18, 3/18-19

<u>ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കിയതിലെ കുറവ്</u>

പ്രസ്തുത പ്രവൃത്തിയുടെ CC Ist & Part bill ബിൽ നം . 13/18-19 തീ. 31-08-2018 പ്രകാരം നൽകുകയുണ്ടായി . തുക നൽകുമ്പോൾ റിട്ടൻഷനായി പ്രവൃത്തി മൂല്യത്തിന്റെ 10% ആയ ₹62467 പിടിച്ച് വെക്കുകയും റിട്ടൻഷൻ തുക കുറച്ചുള്ള തുകയുടെ ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും മാത്രം ഈടാക്കുകയുമാണുണ്ടായത്. CC II nd & Final Bill നൽകുമ്പോൾ ബാക്കിയുള്ള പ്രവൃത്തി മൂല്യത്തിന് മാത്രമാണ് നികുതിയും ക്ഷേമനിധി വിഹിതവും ഈടാക്കിയിട്ടുള്ളത്. ഇതിന്റെ ഫലമായി ആകെ പ്രവൃത്തി മൂല്യത്തിന് ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | CC Ist & Part bill | CC II nd & Final Bill | നൽകേണ്ടിയിരുന്നത് |
|---|---|---|---|
| ആകെ പ്രവർത്തി മൂല്യം | 624668 | 1038268 | 1662936 |
| റിട്ടൻഷൻ | (-) 62467 | (+) 62467 | - |
| ആകെ | 562201 | 1100735 | 1662936 |
| ആദായ നികുതി | 5622 | 10383 | 16629 |
| തൊഴിലാളി ക്ഷേമനിധി വിഹിതം | 5622 | 10383 | 16629 |
| | | | |

| | | | |
|---|---|---|---|
| ചരക്ക് സേവന നികുതി 2% | - | 18542 | 18542 |
| കരാറുകാരന് | 550957 | 1061427 | 1611136 |

CC Ist & Part bill നിന്ന് ആകെ പ്രവൃത്തി മൂല്യത്തിന് ആദായ നികുതിയും , തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കാത്തതിനാൽ ഓരോ ഇനത്തിലും ₹624 വീതം കുറവ് വന്നിട്ടുണ്ട്. ആയത് ഈടാക്കി ഒടുക്ക് വിവരം അറിയിക്കേണ്ടതാണ്.

(സി).പ്രോജക്ട് നമ്പർ : 37/18-19 ഊരാച്ചേരി കോവ്വുംമൽ റോഡ് മെയിന്റനൻസ്

അടങ്കൽ : ₹ 591000 മെയിന്റനൻസ് റോഡ്

ചെലവ് :₹590903 ബിൽ നം . 37/18-19 തീ. 29-03-2019

കരാർ തുക : ₹ 590904.70

കരാറുകാരൻ : ശ്രീ.വിജയൻ.എ

കരാർ നം/തീയതി : AEC/13/2018-19 തീ. 01-10-2018

എം . ബുക്ക് : 14/18-19

പ്രവൃത്തി പൂർത്തീകരണ തീയതി : 01-02-2019 (120 ദിവസം )

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 18-02-2019

കാലതാമസം : 17ദിവസം

കരാർ പ്രകാരം 01.02.19-ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 18.2.19-ന് മാത്രമാണ് പൂർത്തിയാക്കിയത്. എന്നാൽ അന്തിമ ബില്ലിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല.

ജി.ഒ (പി)നം .13/2012/പി.ഡബ്ള്യൂ.ഡി/ തീയ്യതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112, 2112.1 എന്നീ ഖണ്ഡികകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കരാർ തുകയുടെ 1% പിഴ ആയ ₹5909 ഈടാക്കേണ്ടതാണ്.

(ഡി) പഞ്ചായത്ത് ഓഫീസ് വാഹന പാർക്കിംഗ് സൗകര്യം - പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ : 136/18-19 പഞ്ചായത്ത് ഓഫീസ് വാഹന പാർക്കിംഗ് സൗകര്യം

അടങ്കൽ : ₹ 228296-മെയിന്റനൻസ് റോഡ്

:₹1704 തനത് ഫണ്ട്

ചെലവ് :₹159697 ബിൽ നം . 15/18-19 dtd 15-11-2018

കരാർ തുക : ₹ 229184

കരാറുകാരൻ : ശ്രീ.വിജയൻ .എ

കരാർ നം/തീയതി : AEC/07/2017-18 തീ. 17-11-2017

എം . ബുക്ക് : 32 /17-18

പ്രവൃത്തി പൂർത്തീകരണ തീയതി :17-03-2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 23-04-2018

കാലതാമസം :37 ദിവസം

കരാർ പ്രകാരം 17-03-2018 ന് പൂർത്തിയാകേണ്ട പ്രവൃത്തി 23-04-2018 ന് മാത്രമേ പൂർത്തിയായിട്ടുള്ളൂ. എന്നാൽ ഈ ഇനത്തിൽ അന്തിമ ബില്ലിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ 03-08-2018-ന് സമയപരിധി നീട്ടുന്നതിനുള്ള അപേക്ഷ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ഇതിൽ കരാറുകാരൻ കൃത്യസമയത്ത് അപേക്ഷ നൽകിയില്ല എന്നും പ്രോജക്ട് റിവൈസ് ചെയ്യേണ്ടതിനാൽ കൃത്യസമയത്ത് പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് 21-08-2018 ലെ 150/18(2) പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയപരിധി കരാർ പ്രകാരമുള്ള കാലാവധി തീരുന്നതു മുതൽ 6 മാസത്തേക്ക് കൂടി നീട്ടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ (പി)നം .13/2012/പി.ഡബ്ള്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥ പ്രകാരം പൂർത്തീകരണ കാലാവധിയുടെ 50% മാത്രമേ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി 6 മാസത്തേക്ക് കാലാവധി ദീർഘിപ്പിച്ചു നൽകിയ ഭരണസമിതി തീരുമാനം സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. കൂടാതെ AEC/06/2018-19/LSGD. Dtd 02-07-2018 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി ഇതിന് അംഗീകാരം നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ച 21-08-2018 ലെ 150/18(2) ഭരണസമിതി തീരുമാനത്തിന്റെ പകർപ്പിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചു എന്നുകാണുന്നു. എന്നാൽ സകർമ്മ മിനട്സ് പ്രകാരം ഇത്തരത്തിലുള്ള ഒരു തീരുമാനം ഭരണസമിതി കൈക്കൊണ്ടിട്ടില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് കാലാവധി ദീർഘിപ്പിക്കുന്നതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും അപേക്ഷിച്ചിട്ടുള്ളത് .

കരാറുകാരൻ കൃത്യ സമയത്ത് അപേക്ഷ നൽകാതെ സമയപരിധി നീട്ടിനൽകിയതിനാലും കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് പിഴ ഈടാക്കേണ്ട എന്ന് ഭരണസമിതി തീരമാനിക്കാത്തതിനാലും നിയമാനുസൃത പിഴ ഈടാക്കേണ്ടതായിരുന്നു. ആയതിനാൽ കാലതാമസത്തിന് കരാർ തുകയുടെ 1 ശതമാനം ആയ ₹2292 (229184 x 1/100) പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ രേഖകളിലെ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 നെടുമ്പ്രം കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ

## സ്ഥാപിക്കൽ -- ഗുണഭോക്തൃ വിഹിതം ഈടാക്കിയ വിവരം ലഭ്യമാക്കുന്നത്.

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 138/19- നെട്ടുന്ത്രം കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ

അടങ്കൽ : ₹126000 വികസന ഫണ്ട്

: ₹ 14000 ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കുന്നത്

ആകെ : ₹140000

ചെലവ് : ₹96382 ബിൽ നം . 08/18-19 തീ. 13-08-2018

കരാർ തുക : ₹139186

കരാറുകാരൻ : ശ്രീ. ബൈജിത്ത്. ടി.കെ

കരാർ നം/തീയതി : AEC/20/2017-18 തീ. 29-11-2017

എം.ബുക്ക് : 16/17-18

2017-18 ൽ 145/18നമ്പറായി തുടങ്ങിയ പ്രോജക്ടാണിത്. 2018-19 ലാണ് അന്തിമ ബിൽ നൽകിയിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ കരാറുകാരന് അന്തിമ ബിൽ നൽകുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തിന്റെ 10% ഗുണഭോക്തൃ വിഹിതം കുറച്ചിട്ടാണ് തുക നൽകിയിരിക്കുന്നത്. പ്രോജക്ട് ചെലവിൽ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതായി കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം .08/2018-19 തീയ്യതി 24-09-2019) മറുപടിയിൽ ഗുണഭോക്തൃ വിഹിതം കുറച്ചിട്ട് കരാറുകാരന് തുക നൽകിയതിനാൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ല എന്ന മറുപടി തൃപ്തികരമല്ല. ആയതിനാൽ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ കമ്മിറ്റിയിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി ബന്ധപ്പെട്ട കരാറുകാരന് നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകി പഞ്ചായത്തിന് ₹21513 ചെലവ് നഷ്ടം

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

(i)പ്രോജക്ട് നമ്പർ : 49/19- കല്ലിൽ മൊട്ട താഴ്ഞ്ഞിലേരി കുളം റോഡ് മെയിന്റനൻസ്

അടങ്കൽ : ₹425000 മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് : ₹415365 ബിൽ നം . 24/18-19 തീ. 14-01-2019

കരാറുകാരൻ : ശ്രീ. സുരേഷ് ബാബു.സി.ടി

കരാർ നം/തീയതി : AEC/08/18-19 dtd 04-09-2018

ആകെ പ്രവൃത്തി മൂല്യം : ₹415365

ടെണ്ടർ കുറവ് : 2.7%

ടെണ്ടർ കുറവ് തുക : ₹11215

നൽകേണ്ടുന്ന തുക : ₹404150

എം.ബുക്ക് : 11/18-19, 30/18-19

മേൽ പ്രവൃത്തിയുടെ അന്തിമ ബിൽ നൽകുമ്പോൾ ടെണ്ടർ കുറവ് വരുത്താതെ താഴെകാണിച്ച പ്രകാരമാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹4,15,365 |
| ആദായ നികുതി 1% | ₹4,154 |
| തൊഴിലാളി ക്ഷേമനിധി വിഹിതം 1% | ₹4,154 |
| ചരക്ക് സേവന നികുതി 2% | ₹8,308 |
| ബാരൽ വില, ചരക്ക് സേവന നികുതി | ₹4,720 |
| അറ്റ തുക | ₹3,94,029 |

ഇതുവഴി നികുതിയിനത്തിൽ അധിക തുക ഒടുക്കുകയും കരാറുകാരന് ടെണ്ടർ കുറവ് തുകയായ ₹11215 അധികം നൽകുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ii) പ്രോജക്റ്റ് നമ്പർ : 153/19-മലയന്റവിട വണ്ണാന്റെവീട്ടിൽ റോഡ്

അടങ്കൽ : ₹290000 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹10000 തനത് ഫണ്ട്

ആകെ : ₹300000

ചെലവ് : ₹286051 ബിൽ നം . 27/18-19 dtd 23-01-2019

കരാറുകാരൻ : ശ്രീ. സുരേഷ് ബാബു.സി.ടി

കരാർ നം/തീയതി : AEC/09/018-19 dtd 04-09-2018

ആകെ പ്രവൃത്തി മൂല്യം : ₹286051

ടെണ്ടർ കുറവ് : 3.6%

ടെണ്ടർ കുറവ് തുക : ₹10298

നൽകേണ്ടുന്ന തുക : ₹275753

എം.ബുക്ക് : 12/18-19

മേൽ പ്രവൃത്തിയുടെ അന്തിമ ബിൽ നൽകുമ്പോൾ ടെണ്ടർ കുറവ് വരുത്താതെ താഴെകാണിച്ച പ്രകാരമാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹2,86,051 |
| ആദായ നികുതി 1% | ₹2,861 |
| തൊഴിലാളി ക്ഷേമനിധി വിഹിതം 1% | ₹2,861 |
| ചരക്ക് സേവന നികുതി 2% | ₹5,722 |
| ബാരൽ വില, ചരക്ക് സേവന നികുതി | ₹2,065 |
| അറ്റ തുക | ₹2,72,542 |

ഇതുവഴി നികുതിയിനത്തിൽ അധിക തുക ഒടുക്കുകയും കരാറുകാരന് ടെണ്ടർ കുറവ് തുകയായ ₹10298 അധികം നൽകുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം

ലഭ്യമാക്കേണ്ടതാണ്.

## 1-28 റോഡ് ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില ജി.എസ്.ടി . എന്നിവയുടെ ഒടുക്ക് വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള 72203140000008 എന്ന ട്രഷറി അക്കൗണ്ടിലാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ടാർ വീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നതാണെന്നാണ് അറിയിച്ചത് . ആയത് ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 മീത്തലെ വയൽ ഫുട്പാത്ത് മെയിന്റനൻസ് - പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയതിലെ അപാകം - സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ :അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 21/17-18 മീത്തലെ വയൽ ഫുട്പാത്ത് മെയിന്റനൻസ്

അടങ്കൽ : ₹200000 തനത് ഫണ്ട്

ചെലവ് : ₹180911 ചെക്ക് നം 9581474 തീ. 26.03.2018

കരാർ തുക : ₹180903 (Quated 8.3% below of 197277 )

കരാറുകാരൻ : ശ്രീ.അനൂപ്കുമാർ. കെ.വി.എം

കരാർ നം/തീയതി : AEC/18/2016-17 തീ. 09.01.2017

എം . ബുക്ക്                  : 05 /17-18

പ്രവൃത്തി പൂർത്തീകരണ തീയതി : 90 ദിവസം

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 15-02-2018

2017-18 ൽ പൂർത്തിയാക്കിയ പ്രവൃത്തിയുടെ തുക കേഷ് ബുക്ക് പ്രകാരം മെയ് 2018 ലാണ് നൽകിയിട്ടുള്ളത്. 09-01-2017 ന് കരാർ വെച്ച പ്രവൃത്തിക്കുള്ള സ്ഥലം 09-01-2017 ൽ തന്നെ കൈമാറിയിട്ടുണ്ട്. എന്നാൽ IXാം വാർഡ് മെമ്പറുടെ 25-01-2017 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് 31-01-2017ലെ ഭരണസമിതി 21/17 നമ്പർ പ്രകാരം തീരുമാനിക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ കരാറുകാരൻ നടപ്പിലാക്കിയിട്ടില്ല. 90 ദിവസം പൂർത്തീകരണ സമയമനുവദിച്ച പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ ആരംഭിക്കുകയോ സമയപരിധി ദീർഘിപ്പിക്കലിന് അപേക്ഷ നൽകുകയോ ചെയ്യാത്ത കരാറുകാരന് 04-11-2017 ൽ പ്രവൃത്തി ഉടൻ ആരംഭിച്ച് പൂർത്തിയാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ 03-01-2018 ന് പ്രവൃത്തി ആരംഭിച്ച് 15-02-2018 പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയാണ് ബിൽ തുക നൽകിയിട്ടുള്ളത്. എന്നാൽ പിഴ ഈടാക്കുന്നതിന് ജി.ഒ (പി)നം .13/2012/പി.ഡബ്ല്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112, 2112.1 എന്നീ ഖണ്ഡികകൾ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. മാന്വലിലെ വ്യവസ്ഥകൾ പ്രകാരം കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിയുടെ ആദ്യ 25% ന് കരാർ തുകയുടെ 1% വും അടുത്ത 25% ന് കരാർ തുകയുടെ 2% വും മാത്രമേ പിഴ ഈടാക്കാൻ പാടുള്ളൂ. പരമാവധി കരാർ തുകയുടെ 3% മാത്രം പിഴ ഈടാക്കാൻ മാത്രമേ മാന്വലിൽ വ്യവസ്ഥയുള്ളൂ. ആകെ കരാർ കാലാവധിയടെ 50% ൽ കൂടുതല്ല സമയപരിധി നീട്ടി നൽകാൻ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ വ്യവസ്ഥയില്ല. എന്നാൽ മേൽ പ്രവൃത്തിക്ക് താഴെ പറയും പ്രകാരമാണ് പിഴ കണക്കാക്കി ഈടാക്കിയിട്ടുള്ളത്.

സെലക്ഷൻ നോട്ടീസ് പ്രകാരം 90 ദിവസം പൂർത്തീകരണ സമയമനുവദിച്ച പ്രവൃത്തി 08-04-2017 ന് പൂർത്തിയാകുന്നതാണ്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കിയതിനാൽ പൂർത്തീകരണ കാലാവധി 31-01-2017 മുതൽ 30-04-2017 വരെ കണക്കാക്കി പൂർത്തീകരിച്ച തീയതിയായ 15-02 2018 വരെ 9 മാസവും 15 ദിവസത്തെയും അതായത് 291 ദിവസത്തെ പിഴ താഴെപറയും പ്രകാരം ഈടാക്കുകയാണുണ്ടായത്.

ആദ്യ 25% ന് (90 x 25% = 23 days) കരാർ തുകയുടെ 1% വും അടുത്ത ഓരോ 23 ദിവസത്തിനും 2% വും കണക്കാക്കി ആകെ കരാർ തുകയുടെ 25% ( 291/23= 13 . ഇതിൽ ആദ്യ ഒന്നിന് 1% വും ബാക്കി 12 എണ്ണത്തിന് 2% വീതം 24% വും കൂടി 25% ) പിഴ 197277 x 25% ആയ ₹49319 ഈടാക്കിയിട്ടുണ്ട്. എന്നാൽ ₹ 197277 കരാർ തുകയല്ല എസ്റ്റിമേറ്റ് തുകയാണ് . കരാർ തുക യഥാർത്ഥത്തിൽ എസ്റ്റമേറ്റ് തുകയായ ₹197277 ന്റെ ക്വാട്ട് ചെയ്ത കുറവായ 8.3% കുറച്ച 180903 മാത്രമേ ആകുകയുള്ളൂ. ഈ തുകയുടെ 3% ആയ ₹5427 മാത്രമേ പിഴ ഈടാക്കാൻ വ്യവസ്ഥയുള്ളൂ.

ഇതിന് വിരുദ്ധമായി പിഴ കണക്കാക്കുകയാണുണ്ടായത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമ വിരുദ്ധമായി പിഴ ഈടാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

# 1-30 ടാർ ലഭിക്കുന്നതിന് മുൻപ് പ്രവൃത്തി പൂർത്തീകരണം - മറുപടി ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

1. പ്രോജക്ട് നമ്പർ : 39/18-19 ഗ്രാമത്തി കണിയോത്ത് റോഡ് റീടാറിംഗ്

അടങ്കൽ : ₹319369 മെയിന്റനൻസ് റോഡ്

ചെലവ് :₹319369 ബിൽ നം . 19/18-19 dtd31-12-2018

കരാറുകാരൻ : ശ്രീ.റീജിൻ.എം.എം

കരാർ നം/തീയതി : AEC/16/2018-19 dtd 01-10-2018

എം . ബുക്ക് : 25/18-19

2.പ്രോജക്ട് നമ്പർ : 55/18-19 ഇല്ലത്തു പീടിക വെള്ളാംചേരിപള്ളി റോഡ് മെയിന്റനൻസ്

അടങ്കൽ :₹155612 മെയിന്റനൻസ് റോഡ്

ചെലവ് :₹151080 ബിൽ നം . 21/18-19 dtd 31-12-2018

: ₹4532 ബിൽ നം . 32/18-19 dtd15-03-2019

കരാറുകാരൻ : ശ്രീ.റീജിൻ.എം.എം

കരാർ നം/തീയതി : AEC/07/2018-19 dtd 04-09-2018

എം . ബുക്ക് : 10/18-19

മേൽ പ്രവൃത്തികൾക്കുള്ള ബിറ്റുമിൻ ഇനങ്ങളായ VG -30, RS -1 എന്നിവ Invoice No. 4550213111 തീ. 04-12-2018 ലാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്

| പ്രോജക്ട് | ഇനം | ഉപയോഗിച്ച ടാർ | പ്രീമെഷർമെന്റ് തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി (മെഷർമെന്റ് തീയതി ) |
|---|---|---|---|---|
| 39/18-19 | 1 | VG -30 | 21-11-2018 | 26-11-2018 |
| | 6 | VG -30 | 21-11-2018 | 26-11-2018 |
| | | | | |

| | | | | |
|---|---|---|---|---|
| | 2 | RS -1 | - | 26-11-2018 |
| | 3 | VG -30 | - | 26-11-2018 |
| | 4 | VG -30 | - | 28-11-2018 |
| 55/18-19 | 1 | VG -30 | 21-11-2018 | 26-11-2018 |
| | 2 | VG -30 | 21-11-2018 | 26-11-2018 |
| | 3 | RS -1 | - | 26-11-2018 |
| | 4 | VG -30 | - | 26-11-2018 |
| | 5 | VG -30 | - | 28-11-2018 |

ഓഡിറ്റ് എൻക്വയറിക്ക് (17/2018-19 തീയതി 26-09-2019) നൽകിയ മറുപടി തൃപ്തികരമല്ല . മുകളിൽ കാണിച്ച പ്രകാരം പ്രീമെഷർമെന്റ് തീയതിയും പൂർത്തിയാക്കിയ തീയതിയും ( since done ), ചെക്ക് മെഷർമെന്റ് തീയതിയും എം.ബുക്കിൽ കൃത്യമായി കാണിച്ചിട്ടുണ്ട്. ആയതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-31 ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കമ്പ്യൂട്ടർ ലഭ്യമായില്ല. ചെലവ് തുക ₹32,090 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റ് നമ്പർ | 20/19 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹50,000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹48,755 ബിൽ നമ്പർ/തീയതി : 04/2018-19/15-03-2019 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം കംപ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി ₹ 48,755 കെൽട്രോൺ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ₹16,665ന്റെ പ്രിന്ററിന്റെയും ₹32,090ന്റെ കംപ്യൂട്ടറിന്റെയും പ്രൊഫോർമ ഇൻവോയ്സുകൾ കെൽട്രോൺ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബിൽ നമ്പർ/തീയതി : 04/2018-19/15-03-2019 പ്രകാരം കെൽട്രോണിന് തുക നൽകിയത്. എന്നാൽ ₹16,665ന്റെ പ്രിന്റർ മാത്രമേ നാളിതുവരെയായി ലഭ്യമായിട്ടുള്ളൂ. കംപ്യൂട്ടർ സ്ഥാപനത്തിൽ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 1/2018-19 തീയ്യതി :20-09-2019-ന് കമ്പ്യൂട്ടർ സ്റ്റോക്കിലില്ലാത്തതു കൊണ്ടാണ് സപ്ളൈ വൈകുന്നതെന്നാണ് കെൽട്രോൺ അറിയിച്ചതെന്നാണ് മറുപടി നൽകിയത് . കമ്പ്യൂട്ടർ ലഭിക്കുന്നതിന് മുൻപ് തന്നെ കെൽട്രോണിന്

മുൻകൂറായി തുക നൽകുകയാണ് ചെയ്തത്. കമ്പ്യൂട്ടർ ലഭ്യമാകാത്തതിനാൽ ₹32,090ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-32 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| പ്രോജക്ട് നമ്പർ | 4 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹ 3,00,000 ബിൽ നമ്പർ/തീയതി : 02/2018-19/27-12-2018 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹ 3,00,000 പിൻവലിച്ച് ഹോംകോ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ₹1,32,715 രൂപയുള്ള മരുന്നുകൾ മാത്രമേ നാളിതുവരെയായി ലഭ്യമായിട്ടുള്ളൂ. ₹1,67,285 രൂപയുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. മുഴുവൻ മരുന്നുകളും എത്രയും പെട്ടെന്ന് ലഭ്യമാകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-33 പി.എച്ച്.സി ക്ക് കുഴൽകിണർ -നിർമ്മാണം തുടങ്ങിയില്ല-₹92,000 ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 175/19 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി ക്ക് കുഴൽകിണർ |
| അടങ്കൽ | ₹ 75,000 തനത് ഫണ്ട്<br>₹ 25,000റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ്<br>ആകെ | ₹ 75,000ചെക്ക് നമ്പർ/തീയതി :0356264/ 7-03-2019<br>₹ 17,000 ബിൽ നമ്പർ/തീയതി : 14/18-19/13-03-2019 |

| | |
|---|---|
| | ₹92,000 |

പി.എച്ച്.സി ക്ക് കുഴൽകിണർ നിർമ്മിക്കുന്നതിനായി ഭൂജലവകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹92,000 മുകളിൽ കൊടുത്ത പ്രകാരം പിൻവലിച്ച് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കുഴൽകിണർ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.2/2018-19 തീയ്യതി :20-09-2019 ക്ക് ഉടൻ നിർമ്മാണം ആരംഭിക്കുന്നതാണെന്ന് ഭൂജലവകുപ്പ് അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. നിർമ്മാണം പൂർത്തിയായത് സംബന്ധിച്ച രേഖകളും തുക വിനിയോഗിച്ചത് സംബന്ധിച്ച് ഭൂജല വകുപ്പിന്റെ സാക്ഷ്യപത്രവും മോണിട്ടറിംഗ് സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ₹92,000 ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-34 പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 66 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| അടങ്കൽ | ₹6,00,000<br>₹ 5,00,000 വികസനഫണ്ട്<br>₹1,00,000 ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ് | ₹5,21,045 |

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവിൻപ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- മുഴുവൻ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല -10872

# രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളവിലം സർക്കിൾ |
| പ്രോജക്ട് നം | 109 /19 |
| പ്രോജക്ടിന്റെ പേര് | വി.ഇ.ഒ ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ സ്ഥാപിക്കൽ |
| വകയിരുത്തിയ തുക | 50,000 (വികസനഫണ്ട്, പൊതുവിഭാഗം) |
| ചെലവ് തുക | 46,527 ബിൽ നം. 09/18-19/01.02.19 |

പ്രഫോർമ ഇൻവോയ്സ് (നം.TVM/ITBG/P1/RC/5084/17-18/01-01-2019 upto 31-01-2019)പ്രകാരമുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് മേൽ ബില്ല് മുഖേന പിൻവലിച്ച 46527 രൂപ കേരള സംസ്ഥാന ഐ.ടി മിഷന് നൽകിയിട്ടുണ്ട്. ഇതിൽ ഇൻവോയ്സ് നം.01545/19-20/17-06-2019 പ്രകാരം 32090 രൂപയുടെ ഡെസ്ക്ക് ടോപ്പ്(ഇന്റൽ എച്ച്.പി) , ഇൻവോയ്സ് നം.ITP/03905/19-20/31/07/2019 പ്രകാരം 3565 രൂപയുടെ യു.പി.എസ് 600 വി/എ എന്നിവ മാത്രമേ ലഭ്യമായിട്ടുള്ളൂ. 10872 രൂപയുടെ പ്രിന്റർ ലഭ്യമായിട്ടില്ല. ആയതിനാൽ 10872 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-36 വനിതാ കാറ്ററിംഗ് പദ്ധതി നടത്തിപ്പിലെ അപാകതകൾ - 1.40,000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളവിലം സർക്കിൾ |
| പ്രോജക്ട് നം | 67 /19 |
| പ്രോജക്ടിന്റെ പേര് | വനിതാ കാറ്ററിംഗ് യൂണിറ്റ് |
| വകയിരുത്തിയ തുക | 6,00,000 – 3,00,000(വികസന ഫണ്ട്, പൊതുവിഭാഗം)3,00,000(ഗുണഭോക്തൃ വായ്പ) |
| ചെലവ് തുക | 1,50,000 ബിൽ നം. 08/18-19/10.01.2019 |
| | 1,40,000 ബിൽ നം.10/18-19/28-01-2019 |
| ആകെ | 2,90,000 |

തൊഴിൽ രഹിതരായ സ്ത്രീകളുടെ രണ്ട് ഗ്രൂപ്പുകൾക്ക് കാറ്ററിംഗ് യൂണിറ്റ് മുഖേന സ്ഥിര വരുമാനം നേടുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് മേൽ പ്രോജക്ട്. ഇതിനായി പുഴയോരം , നാട്ടുരുചി എന്നീ രണ്ട് കാറ്ററിംഗ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. രണ്ട് യൂണിറ്റുകൾക്കും 150000

രൂപ വീതം വികസന ഫണ്ടിൽ നിന്നും സബ്സിഡി നൽകുവാനാണ് പ്രോജക്ടിൽ തുക വകയിരുത്തിയത്. എന്നാൽ തുക ചെലവഴിച്ചത് താഴെ പറയും പ്രകാരമാണ്.

| തുക | നൽകിയത് |
|---|---|
| 150000 | പുഴയോരം കാറ്ററിംഗ് യൂണിറ്റ് |
| 90000 | നാട്ടുരുചി കാറ്ററിംഗ് യൂണിറ്റ് |
| 50000 | ഷമീന . കെ.പി |

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.രണ്ട് ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നതിന് വേണ്ടി രൂപീകരിച്ച പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താവായ ഷമീന .കെ.പി എന്നവർക്ക് ₹50000 അനുവദിച്ചിട്ടുണ്ട്. ടിയാളുടെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്ത ബേങ്ക് പാസ്സ് ബുക്കിന്റെ(നം.4232220118676) പകർപ്പ് ലഭ്യമല്ല.

2.നാട്ടുരുചി കാറ്ററിംഗ് യൂണിറ്റിന് അനുവദിച്ച ₹90,000 ക്രെഡിറ്റ് ചെയ്ത ബേങ്ക് പാസ്സ് ബുക്കിന്റെ (നം.1045025777777) പകർപ്പ് ലഭ്യമല്ല.

3. നാട്ടുരുചി കാറ്ററിംഗ് യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4.നാട്ടുരുചി കാറ്ററിംഗ് യൂണിറ്റ് 2018-19 വർഷത്തെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്ററിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടിയും (രേഖകൾ സഹിതം) പ്രസ്തുത സംരംഭത്തിന്റെ തുടർ നടത്തിപ്പും പുരോഗതിയും നിരീക്ഷിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടിയുടെ വിവരവും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 23/2018-19 /28-09-2019) നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ പ്രോജക്ടിൽ ഉൾപ്പെടാത്ത വ്യക്തിഗത പ്രോജക്ടിന് ചെലവഴിച്ച ₹50000 യും ഗുണഭോക്തൃ ലിസ്ററിൽ ഉൾപ്പെടാത്ത ഗ്രൂപ്പിന് രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച ₹90000 ചേർത്ത് ആകെ ₹140000 തടസ്സപ്പെടുത്തുന്നു.

## 1-37 മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്ല്യം നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 18/19<br>ഭിന്നശേഷിക്കാരായ |

| | |
|---|---|
| | കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ (എം.എസ്) 14/02/2018 ലെ 22/2018 നമ്പർ സർക്കാർ ഉത്തരവിലെ ഖ.7.1.6 (ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ ആനുകൂല്യം അനുവദിക്കേണ്ടതാണ്.

| ഇനം | സ്കോളർഷിപ്പ് /ബത്ത |
|---|---|
| സ്കോളർഷിപ്പ്(പ്രതിമാസം) | 1000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| പഠന സഹായികൾക്ക് /വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 |
| ഉല്ലാസ യാത്രാ ചെലവുകൾ , പഠന പര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

എന്നാൽ ചൊക്ലി ഗ്രാമ പഞ്ചായത്ത് പരിധിയിലെ മാനസിക വൈകല്ല്യം നേരിടുന്ന കുട്ടികൾക്ക് 2018-19 സാമ്പത്തിക വർഷം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി ( പ്രോജക്ട് നം. 18/18-19) പ്രകാരം മേൽ കൊടുത്ത നിരക്കിൽ ആനുകൂല്ല്യം നൽകിയിട്ടില്ല. പ്രതിമാസ സ്കോളർഷിപ്പിനത്തിൽ 1000 രൂപ മാത്രമേ നൽകിയിട്ടുള്ളൂ. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | പഠിക്കുന്ന സ്കൂൾ | നൽകിയ തുക |
|---|---|---|
| നവനന്ദ്.ടി | ബഡ്സ് സ്കൂൾ | 12000 |
| ആരവ്.വി.വി | ബഡ്സ് സ്കൂൾ | 12000 |
| അശ്വിൻ.കെ.പി | സ്പെഷൽ സ്കൂൾ | 12000 |
| സ്നേഹ.എം | ജെയ്സി സ്പെഷൽ സ്കൂൾ | 12000 |
| | | |

| | | |
|---|---|---|
| വിസ്മയ.കെ | ബഡ്സ് സ്കൂൾ | 12000 |
| ശ്യാമിലി.കെ | ബഡ്സ് സ്കൂൾ | 12000 |
| അർജുൻ.എ | ബഡ്സ് സ്കൂൾ | 12000 |

2018 – 19 വർഷം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 18/18-19) പ്രകാരം ₹1172020 വകയിരുത്തിയിട്ടുണ്ടെങ്കിലും ₹911000 മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുക അവശേഷിച്ചിട്ടും അർഹതപ്പെട്ടവരുടെ ആനുകൂല്യം മുഴുവനായും അനുവദിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-38 ന്യൂട്രിമിക്സ് വിതരണം ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

അങ്കണവാടികൾക്ക് പോഷകാഹാരം (പ്രോജക്ട് നം. 10/18-19)' എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കുള്ള അമൃതം ന്യൂട്രിമിക്സ് , മധുരം കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് , മേനപ്രം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ചൊക്ലി ഗ്രാമ പഞ്ചായത്ത് പരിധിയിലെ 27 അങ്കണവാടികളിലും വിതരണം ചെയ്തിട്ടുണ്ട് . ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ ഓരോ രണ്ട് മാസത്തിലൊരിക്കൽ പരിശോധനക്ക് വിധേയമാക്കുവാനും സാധനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാനും ഐ.സി.ഡി എസ് ബി3 – 312 /2010/18-12-2010 നമ്പർ പ്രകാരം സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിശു വികസന ഓഫീസർക്ക് നൽകിയ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ ലാബ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 33/2018-19/30-09-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 1-39 ബഡ്സ് സ്കൂൾ പ്രവർത്തനം

2018 ജൂൺ 13 നാണ് ചൊക്ലി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ആകെ 26 കുട്ടികളാണ് ഇവിടെ പ്രവേശനം നേടിയിട്ടുള്ളത്. 2018 ജൂലൈ 25ന് ചേർന്ന യോഗത്തിൽ ബഡ്സ് സ്കൂൾ ഭരണസമിതി രൂപീകരിച്ചു. (കുടുംബശ്രീയുടെ 01-12-17ലെ 470/ എ3/2016-17/കെ.എസ്.കെ.എൻ.ആർ കത്ത് പ്രകാരം കുടുംബശ്രീമിഷൻ ബഡ്സ് സ്കൂൾ സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതായും ഗ്രാമപഞ്ചായത്തിൽ പുതുതായി ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള അപേക്ഷക്ക് അനുകൂല ശിപാർശ നൽകാൻ തീരുമാനിച്ചതായും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.) ഒരു ടീച്ചറേയും രണ്ട് ആയമാരേയും സ്കൂളിൽ നിയമിച്ചിട്ടുണ്ട്. ക്വട്ടേഷൻ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം ബഡ്സ് സ്കൂളിനായി തുക ചെലവഴിച്ചത് താഴെ കൊടുത്ത പ്രകാരമാണ്.

| പ്രോജക്റ്റ് നമ്പർ&പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 85,ബഡ്സ് സ്കൂൾ പ്രവർത്തനച്ചെലവ് ഹോണറേറിയം നൽകൽ | 8,00,000 | 7,48,528 |
| 86,ബഡ്സ് സ്കൂൾ ഫർണിച്ചർ, ഉപകരണങ്ങൾ വാങ്ങൽ | 1000800 | ₹774900(2,74,900 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ചെക്ക് നമ്പർ 1352039/28-02-19; ₹5,00,000 ജില്ലാപഞ്ചായത്ത് വിഹിതം ചെക്ക് നമ്പർ 1352040/28-02-19) |

പ്രോജക്റ്റ് നമ്പർ 86/19 പ്രകാരം ബഡ്സ് സ്കൂളിനായി സായ് റീഹാബിലിറ്റേഷൻ സെന്ററിൽ നിന്നും ₹7,60,800 രൂപയുടെ ഉപകരണങ്ങൾ (ഇ-ടെണ്ടർ ) വാങ്ങിയിട്ടുണ്ട്. 2018 ജൂലൈ 25ന് ചേർന്ന യോഗത്തിൽ ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് വേണ്ടി ജില്ലാതല മെഡിക്കൽ ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പ് നടത്താനും അതിൻ പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാനും ക്യാമ്പ് നടത്തുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ഒരു മെഡിക്കൽ ക്യാമ്പ് ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടില്ല. തുടർന്ന് 16-01-19ലെ ബഡ്സ് സ്കൂൾ ഭരണസമിതിയോഗത്തിലെ തീരുമാനം നമ്പർ 3/19 പ്രകാരം വിദ്യാർത്ഥികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് പാപ്പിനിശ്ശേരി പഞ്ചായത്തിലെ ബഡ്സ് സ്കൂൾ സന്ദർശിക്കുന്നതിനും എത്രയും പെട്ടെന്ന് ഉപകരണങ്ങൾ വാങ്ങി തെറാപ്പിസ്റ്റിനെ നിയമിക്കുന്നതിനും ഭരണസമിതിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചതായി കാണുന്നുണ്ട്. ഇത്രയുമല്ലാതെ ₹7,60,800 രൂപയുടെ ഉപകരണങ്ങൾ വാങ്ങിയത് ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

30-09-19 ന് ഓഡിറ്റിന്റെ ഭാഗമായി ബഡ്സ് സ്കൂൾ സന്ദർശിച്ചപ്പോൾ ഭൂരിഭാഗം ഉപകരണങ്ങളും പ്രവർത്തിപ്പിക്കാതെ മുറികളിൽ കൂട്ടിയിട്ടിരിക്കുന്നതായാണ് കണ്ടത്. ട്രെഡ് മിൽ, സൈക്കിൾ പോലുള്ള ഏതാനും ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. ഉപകരണങ്ങൾ യഥാവിധി സജ്ജീകരിക്കാൻ സ്ഥലപരിമിതി മൂലം സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഫിസിയോ തെറാപ്പിസ്റ്റിന്റെ അഭാവവും ഇവ പ്രവർത്തിപ്പിക്കാതെ കൂട്ടിയിട്ടിരിക്കുന്നതിന് ഒരു കാരണമാണ്. മതിയായ സൗകര്യം ഇല്ലാതിരിക്കേ, ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ വാങ്ങി ഇപ്രകാരം പ്രവർത്തിപ്പിക്കാതെ കൂട്ടിയിട്ടിരിക്കുന്നത് അവ ഉപയോഗശൂന്യമാകുന്നതിനും വാറണ്ടി പിരീഡ് കഴിയുന്നതോടെ റിപ്പയർ ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്നതിനും ഇടയാക്കും.

ലക്ഷക്കണക്കിന് രൂപ വിലവരുന്ന ഈ ഉപകരണങ്ങൾ നിലവിൽ ലഭ്യമായ സ്ഥലത്ത് അനുയോജ്യമായി പുന:ക്രമീകരിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. വാങ്ങുന്ന ഉപകരണങ്ങൾ യഥാവിധി ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-40 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-- അവലോകനം

ചൊക്ലി ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിതിയിൽ 2018-19 സാമ്പത്തികവർഷം 617 കുടുംബങ്ങളിലെ 657 പേർക്ക് ആകെ 46300 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 361 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നിടുമ്പ്രം ഇല്ലത്ത് പീടിക അംഗൻവാടി നിർമ്മാണം എടുത്തു പറയേണ്ട ഒന്നാണ്. ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രം.ന. | പ്രവൃത്തിയുടെ തരം | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 68 | 11252227 |
| 2 | സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | 60 | 1692234 |
| 3 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ | 22 | 597459 |
| | ആകെ | 150 | 13541920 |

മേൽ പ്രവൃത്തികളിൽ കിണർ നിർമ്മാണം, മണ്ണ് ജല സംരക്ഷണപ്രവർത്തനം, കമ്പോസ്റ്റ് നിർമ്മാണം,ലൈഫ് ഭവനപദ്ധതി, വ്യക്തിഗത കക്കൂസ് നിർമ്മാണം, റോഡ് കല്ലുപാകൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ റോഡ് സോളിംഗ് പ്രവൃത്തികൾ ആരംഭദശയിലാണ്. അംഗൻവാടി നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും മുഴുവൻ തുകയും നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്.

അംഗൻവാടി നിർമ്മാണം (നിടുമ്പ്രം ഇല്ലത്ത് പീടിക) :-

അംഗൻവാടി നിർമ്മാണത്തിന് താഴെ പറയുംപ്രകാരമുള്ള തുകയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്.

അവിദഗ്ദ തൊഴിലാളികൾ : ₹111119

വിദഗ്ദ തൊഴിലാളികൾ : ₹285906

സാധനങ്ങൾ : ₹696658

പണിയായുധ വാടക : ₹2150

ഡിസ്പ്ലേ ബോർഡ് : ₹5000

ഇലക്ട്രിഫിക്കേഷൻ :₹ 99169

ആകെ : ₹1199996

ഇതിൽ പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് 'ഇ' ടെണ്ടർ നടപടിയിലൂടെയാണ്. ശ്രീ.വിജയൻ. എ. എന്ന കരാരുകാരൻ കരാറുപ്രകാരം ₹669957.23 സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ മൂല്യ നിർണ്ണയം എം.ബുക്ക് നം 92/17-18, 110/17-18 എന്നിവയിലും സ്റ്റോക്ക് വിവരം സ്റ്റോക്ക് റജിസ്ററിലും കാണിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 1% ആദായനികുതി ഈടാക്കിയിട്ടില്ല. മുഴുവൻ തുകയും നൽകിയിട്ടില്ല എന്നറിയിച്ചതിനാൽ ബാക്കി തുക നൽകുമ്പോൾ ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.7. 2019 മുതൽ 18.7.2019 വരെ | കെ .എസ്. എ / കെ എൻ ആർ / സി9/1252/2019 തീയതി 16.8.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രൊജക്റ്റ് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 150000 | പാലിന് സബ്സിഡി | 150000 | |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 100000 | സാന്ത്വന പരിചരണം | 98205 | 1795 |

| | | | | |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 2100000 | ലൈഫ് മിഷൻ | 1900000 | 200000 |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 300000 | ബഡ്സ് സ്കൂൾ | 274900 | 25100 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 68000 | സമഗ്ര പച്ചക്കറി | 68000 | |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 150000 | പാലിന് സബ്സിഡി | 150000 | |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 200000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 314470 | ലൈഫ് മിഷൻ | | 334870* |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 500000 | നെല്ല്യോട്ട് കുളം പൂർത്തീകരണം | | 500000 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 500000 | ബഡ്സ് സ്കൂൾ ഫർണിച്ചർ | 500000 | |

*20400/- രൂപ മുന്നിരിപ്പാണ്.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ തീയ്യതി | തുക ₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21800671/27.11.2018-Rs.344007<br>21800754/17.12.2018-Rs.313775 | 659573 | -- | 659573 |

| | | | | | |
|---|---|---|---|---|---|
| | | 21800902/7.02.2019-<br>Rs.1791 | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 741536 |
| തൻവർഷം നിക്ഷേപിച്ച തുക | 121814(പലിശ) |
| ആകെ | 863350 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 863350 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ-ഓപ്പ് ലിമിറ്റഡ് (ഷെയർ)<br>കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസേറ്റി<br>ചൊക്ളി സർവീസ് സഹകരണ ബാങ്ക്(സ്ഥിരനിക്ഷേപം) | 20000<br>4000<br>839350 |
| ആകെ | 863350 |

# 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 3197/- രൂപയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നം, |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേര്,ഉദ്യോഗപ്പേര് | തീയതി |
|---|---|---|---|---|
| 2017-18 | 3-5 | 3197 | ബിന്ദു, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 118020110229 dt.6.3.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 15 | 2003-04 | 13-(പേജ് നം 132) | പദ്ധതി നിർവ്വഹണം പരിധി കഴിഞ്ഞ് ചെലവഴിച്ച | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 78480707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 54971482 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 8086 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 22353 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1624460 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-13 | 8086 | ശ്രീ.സന്തോഷ് കുമാർ കെ., സെക്രട്ടറി, |
| 1-14 | 840 | ശ്രീ.സന്തോഷ് കുമാർ കെ., സെക്രട്ടറി, |
| 1-27 (I) | 11215 | ശ്രീമതി.ശാലിനിത.കെ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 1-27(II) | 10298 | ശ്രീമതി.ശാലിനിത.കെ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| ആകെ | 30439 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 96092 | ശ്രീ.സന്തോഷ് കുമാർ കെ.,സെക്രട്ടറി, |
| 1-17 | 659573 | ശ്രീ.സന്തോഷ് കുമാർ കെ.,സെക്രട്ടറി, |
| 1-19 | 113280 | ശ്രീ.സന്തോഷ് കുമാർ കെ., സെക്രട്ടറി, |
| 1-20(1) | 148000 | ശ്രീ.സന്തോഷ് കുമാർ കെ., സെക്രട്ടറി, |
| 1-20(2) | 185053 | ശ്രീ.സന്തോഷ് കുമാർ കെ., സെക്രട്ടറി, |
| 1-21 | 25000 | ശ്രീ.സന്തോഷ് കുമാർ കെ., സെക്രട്ടറി, |
| 1-22 | 60000 | ഡോ.കെ. ചന്ദ്രശേഖരൻ, വെറ്റിനറി സർജൻ |
| 1-23 | 62500 | ഡോ. കെ.ചന്ദ്രശേഖരൻ, വെറ്റിനറി സർജൻ |
| 1-31 | 32090 | ഡോ.ഷോണ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-33 | 92000 | ഡോ.അമൃതകല, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-35 | 10872 | ശ്രീ.ജസീർ. കെ.പി, വി.ഇ.ഒ, ഒളവിലം സർക്കിൾ |
| 1-36 | 140000 | ശ്രീ.ജസീർ.കെ.പി, വി.ഇ.ഒ, ഒളവിലം സർക്കിൾ |
| ആകെ | 1624460 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-25 (എ) | ആദായനികുതി-₹514 , ക്ഷേമനിധി വിഹിതം ₹514 |
| 1-25(ബി) | ആദായനികുതി-₹624 , ക്ഷേമനിധി വിഹിതം ₹624 |
| | |

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് കുമാർ.കെ, സെക്രട്ടറി | സെക്രട്ടറി , ചൊക്ലി ഗ്രാമപഞ്ചായത്ത് | കാനായത്തിൽ ഹൗസ്, പി.ഒ. ചട്ടുകപ്പാറ ,കുറ്റ്യാട്ടൂർ, 670592 |
| ഡോ.കെ.ചന്ദ്രശേഖരൻ, വെറ്റിനറി സർജൻ | വെറ്ററിനറി സർജ്ജൻ, ചൊക്ലി ഗ്രാമപഞ്ചായത്ത് | പുത്തലത്ത് താഴെകുനിയിൽ, മുട്ടുങ്ങൽ വെസ്റ്റ് , ചോറോട്, വടകര, 673106 |
| ഡോ.ഷോണ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ചൊക്ലി ഗ്രാമപഞ്ചായത്ത് | കിഴക്കയിൽ ഹൗസ്, പൊൻമേരി പറമ്പിൽ പി.ഒ, വില്ല്യാപ്പള്ളി.വഴി, 673542 |
| ഡോ.അമൃതകല, മെഡിക്കൽ ഓഫീസർ, ആരോഗ്യം | മെഡിക്കൽ ഓഫീസർ, ആരോഗ്യം ചൊക്ലി ഗ്രാമപഞ്ചായത്ത് | മള്ളേരിയിൽ ഹൗസ് , പള്ളൂർ,673310 |
| ശ്രീ.ജസീർ.കെ.പി, വി.ഇ.ഒ. | വി.ഇ.ഒ, ഒളവിലം സർക്കിൾ ചൊക്ലി ഗ്രാമപഞ്ചായത്ത് | റിഫ ഹൗസ്, പെരിങ്ങാടി.പി.ഒ പിൻ. 673313 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 6 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 2 |

| | | |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 6 |
| 2000-01(പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 1 |
| 2000-01പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 5 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 7 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 7 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 10 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 5 |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 9 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 12 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/1279/2106/2019തീ. 23-07-2106 | 8 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/687/2017തീ. 13-06-19 | 16 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ | 19 |

| | | |
|---|---|---|
| | സി.9/202/2018തീ. 15-05-18 | |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ./<br>സി.9/1598/2018 തീ. 05.11.2018 | 5 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.9/1561/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 21.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Chokli Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5072380.99 |
| | | | |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 8995.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1416360.00 |
| 140000000 | Fees & User Charges | RP-4 | 1017432.00 |
| 150000000 | Sale & Hire Charges | RP-5 | 150912.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39514731.00 |
| 171000000 | Interest Earned | RP-9 | 128273.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9710482.00 |
| 350000000 | Other Liabilities | RP-36 | 112577.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 75591.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 419.00 |
| 311000000 | Earmarked Funds | RP-29 | 3690.00 |
| 340000000 | Deposits Received | RP-34 | 19150.00 |
| 350000000 | Other Liabilities | RP-36 | 211269.00 |
| 410000000 | Fixed Assets | RP-38 | 20.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 25785301.00 |
| 460000000 | Loans, Advances and Deposits | RP-47 | 334500.00 |
| | Grand total | | 83562082.99 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4001465.00 |
| 220000000 | Administrative Expenses | RP-12 | 848779.00 |
| 230000000 | Operations & Maintenance | RP-13 | 837996.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4069504.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13285328.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 371454.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 184682.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 257840.00 |
| 255000000 | Maintenance Projects | RP-20 | 6191333.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 118.00 |
| 280000000 | Prior Period item | RP-26 | 423248.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1168158.00 |
| 350000000 | Other Liabilities | RP-36 | 5916807.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 340000000 | Deposits Received | RP-34 | 13010.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 2594126.00 |
| 410000000 | Fixed Assets | RP-38 | 11614364.00 |
| 412000000 | Capital work in Progress | RP-40 | 1384698.00 |
| 460000000 | Loans, Advances and Deposits | RP-47 | 1807923.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 28557931.99 |
| Cash | Cash | RP-40(b) | 32669.00 |
| | Grand Total | | 83562082.99 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Chokli Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5657113.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4200.00 |
| 140000000 | Fee & User Charges | I-4(b) | 1201082.00 |
| 150000000 | Sale & Hire Charges | I-5(b) | 150912.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 105524809.00 |
| 170000000 | Income from Investments | I-7 | 121814.00 |
| 171000000 | Interest Earned | I-8 | 128273.00 |
| 180000000 | Other Income | I-9 | 3900.00 |
| | Total Income | | 112792103.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11743756.00 |
| 220000000 | Administrative Expenses | I-11(b) | 857526.00 |
| 230000000 | Operations & Maintenance | I-12(b) | 837996.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4975807.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 27597644.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 324333.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 184682.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 45218540.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 6191333.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 118.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 8581530.00 |
| | Total Expenditure | | 107013914.00 |
| | Gross Surplus/ Deficit of income over Expenditure | | 5778189.00 |
| 280000000 | Prior Period Item | I-18 | 479453.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5298736.00 |
| 290000000 | Transfer to Reserve Funds | | I-18(a) |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Balance Sheet of Chokli Grama Panchayat as on 31-March 2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 28850634.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 34573.00 |
| 312000000 | Reserves | B-3 | 48590283.00 |
| | Total Reserve & Surplus | | 77475490.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10115528.49 |
| | Total Grants, Contributions for Specific Purposes | | 10115528.49 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 177863.00 |
| 350000000 | Other Liabilities | B-9 | 982947.45 |
| | Total Current Liabilities and Provisions | | 1160810.45 |
| | TOTAL LIABILITIES | | 88751828.99 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 71182890.00 |
| 411000000 | Accumulated Depreciation | B-11 | -13931268.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |

| | | | |
|---|---|---|---|
| | Total Fixed Assets | | 57251622.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 863350.00 |
| | Total Investments | | 863350.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 319879.00 |
| 450000000 | Cash and Bank Balance | B-17 | 28590600.99 |
| 460000000 | Loans, Advances and Deposits | B-18 | 1726377.00 |
| | Total Current Assets, Loans and Advances | | 30636856.99 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 88751828.99 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ